FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY AND VIGILANCE

# JAGRATHA NEWS

236th Issue

August-September, 2015



**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi - 25
Phone: +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: jagrathakcbc.blogspot.com

# ജാഗ്രത

**LAUDATO SI':**
**കർത്താവേ, അങ്ങേയ്ക്കു സ്തുതി!** ........ 2-6
ഫ്രാൻസിസ് മാർപാപ്പ
- പൊതുഭവനമായ ഭൂമി സംരക്ഷിക്കപ്പെടണം ........ 3
- നമ്മുടെ പൊതുഭവനമായ ഭൂമിയുടെ നന്മയ്ക്ക് ........ 3
- Laudato Si' – ഒരു പുതിയ സേതുബന്ധനം ........ 3
- മാനുഷിക പരിസ്ഥിതിക്കായി പ്രവർത്തിക്കുക ........ 4
- പ്രപഞ്ചം ഒരു ഗ്രന്ഥമാണ് ........ 4
- പ്രകൃതിവിഭവങ്ങൾ അനന്തമല്ല ........ 4
- പരിസ്ഥിതി സംരക്ഷണം മതജീവിതത്തിന്റെ ഭാഗം ........ 5
- ഭൂമി മരണാസന്നമായിരിക്കുന്നു ........ 5
- കാതുള്ളവർ കേൾക്കട്ടെ ........ 5
- മാർപാപ്പായുടെ മുന്നറിയിപ്പുകൾ ........ 5
- പ്രകൃതിയോട് ഇണങ്ങിനില്ക്കുന്ന ഒരു ആധ്യാത്മികത വളർത്തിയെടുക്കുക ........ 6
- പരിസ്ഥിതി സംരക്ഷണം ഈശ്വരവിശ്വാസത്തിന്റെ ഭാഗമായി കാണണം ........ 6


**കെ.സി.ബി.സി. പ്രസ്താവനകൾ** ........ 6-9
- ദളിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യം ........ 7
- സംസ്ഥാന സർക്കാർ മുൻകൈയെടുക്കണം ........ 7
- വിഴിഞ്ഞം നിവാസികൾക്ക് പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണം ........ 7
- ലോ കമ്മീഷൻ ശുപാർശ സ്വാഗതാർഹം ........ 7
- മയക്കുമരുന്നിനെതിരെ മൗനം പാലിക്കുന്നതാര്? ........ 8
- മതപ്രതീകങ്ങളുടെ ദുരുപയോഗം അവസാനിപ്പിക്കണം ........ 8
- തെരുവുനായ്ക്കൾ: ഭരണാധികാരികൾ ജാഗ്രത പുലർത്തണം ........ 9
- സാമുദായിക സൗഹാർദ്ദം തകർക്കരുത് ........ 9

**വാർത്തകൾ** ........ 10-15
- സഭാതലം ........ 10-13
- സാമൂഹികം ........ 13-15

# LAUDATO SI':
# കർത്താവേ, അങ്ങേയ്ക്കു സ്തുതി!

ഫ്രാൻസിസ് മാർപാപ്പ

**പരിസ്ഥിതി സംരക്ഷണം ഏവരുടെയും കടമയും ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗവുമാണെന്ന് പ്രഖ്യാപിക്കുന്ന ചാക്രികലേഖനം.**



മനുഷ്യജീവിതത്തിന്റെ ലക്ഷ്യം എന്താണ്? നമ്മുടെ അധ്വാനത്തിന്റെയും കാഴ്ചപ്പാടിന്റെയും അർത്ഥം എന്താണ്? പൊതുഭവനമായ ഭൂമിയോടുള്ള നമ്മുടെ ഉത്തരവാദിത്വം എന്താണ്? ഭാവി തലമുറയ്ക്ക് അതിന്മേലുള്ള അവകാശം എന്താണ്? എന്നീ അടിസ്ഥാനചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, സത്യസന്ധവും സുതാര്യവുമായ സംവാദത്തിലേക്ക് ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുന്നു.

2015 ജൂൺ 19-ന് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച ചാക്രികലേഖനത്തിൽ ഫ്രാൻസിസ് പാപ്പാ കയ്യൊപ്പ് പതിപ്പിച്ചത് 2015 മെയ് 24 പന്തക്കുസ്താദിനത്തിലാണ്. ആമുഖവും ആറ് അധ്യായങ്ങളും അടക്കം 246 ഖണ്ഡികകളിലായി വിവരിക്കപ്പെടുന്ന ഈ പ്രബോധനരേഖയ്ക്ക് 172 അടിക്കുറിപ്പുകളുമുണ്ട്. നമ്മുടെ ഈ തലമുറയ്ക്കുശേഷം വരുന്നവർക്കുവേണ്ടി ഏതുതരത്തിലുള്ള ഒരു ലോകമാണ് നാം ബാക്കിവയ്ക്കേണ്ടത് എന്ന ചോദ്യമാണ് ചാക്രികലേഖനത്തിന്റെ കാതൽ. ഭൂമിയുടെ വായുവും ജലവുംകൊണ്ട് ജീവൻ നിലനിർത്തുന്ന നമുക്ക് ഭൂമാതാവിനോട് ഉണ്ടാകേണ്ട ധാർമ്മികവും വ്യക്തിപരവുമായ കടപ്പാടിലേക്കുകൂടി നമ്മെ ഉണർത്തുകയാണ് പാപ്പാ ഈ പഠനത്തിലൂടെ. നമ്മുടെ പൊതുഭവന മായ ഭൂമിയുടെ നിലവിളി കേൾക്കുന്ന ഹൃദയവും, നിരുത്തരവാദപരമായ വലിച്ചെറിയൽ സംസ്ക്കാരത്തെ വെല്ലുവിളിക്കുന്ന ധീരതയും, പാരിസ്ഥിതിക മാനസാന്തരത്തിലേക്കും സ്നേഹജന്യമായ മാനവസമൂഹത്തിലേക്കുമുള്ള ക്ഷണവും പാപ്പാ വിളംബരം ചെയ്യുന്നു.

ജീവിതത്തിന്റെ ഗതിവേഗം ഭീകരമായി വർദ്ധിച്ചിരിക്കുന്നതിനാൽ വളരെ വിമർശാനത്മകമായ പരിശോധനയ്ക്കു മാത്രമേ യഥാർത്ഥ വസ്തുക്കളെ ബോധ്യപ്പെടുത്താൻ കഴിയൂ. പരിസരമലിനീകരണവും കാലാവസ്ഥാ വ്യതിയാനവും വിശദമായി ചർച്ചചെയ്യുമ്പോൾ കാലാവസ്ഥ ആരുടേതാണ് എന്ന പ്രസ്ക്തമായ ഒരു ചോദ്യം അദ്ദേഹം ഉന്നയിക്കുന്നു. മനുഷ്യകേന്ദ്രീകൃതമായി നിർവചിക്കപ്പെട്ട ലോകക്രമത്തിൽ സാങ്കേതികവിദ്യയുടെ അധീശത്വം രണ്ടു നൂറ്റാണ്ടുകൾക്കുള്ളിൽ ഭൂമുഖത്തു വരുത്തിയ മാറ്റങ്ങളും ആഗോളവത്ക്കരണ പ്രക്രിയ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധികളും ഈ ചാക്രികലേഖനത്തിൽ ചർച്ചചെയ്യപ്പെടുന്നുണ്ട്. സംവാദവും സംഭാഷണവും നൽകുന്ന തുറവിലൂടെ നീതിനിഷ്ഠമായ തീരുമാനങ്ങളെ പ്രചോദിപ്പിക്കുന്ന ചാക്രികലേഖനം ഭൂമിയുടെ അന്തരീക്ഷത്തിലേക്കും ജൈവ വ്യവസ്ഥയിലേക്കും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ ഉയർത്തുന്ന പ്രത്യാഘ്യാതങ്ങളെക്കുറിച്ചും വിശേഷിച്ച് അവികസിതവും വികസ്വരവുമായ രാജ്യങ്ങളിലുള്ളവരെക്കുറിച്ചും ഉത്ക്കണ്ഠപ്പെടുന്നു.

ലോകവ്യാപകമായി വിശേഷിച്ചും ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളും അവികസിത രാജ്യങ്ങളും ഇന്ന് നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നമാണ് പരിസ്ഥിതി നശീകരണം. ഒരു ന്യൂനപക്ഷത്തിന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കായി വൻതോതിൽ നടത്തപ്പെടുന്ന വനനശീകരണം, മാലിന്യങ്ങളാൽ മൂടപ്പെട്ട് അപ്രത്യക്ഷമാവുന്ന ശുദ്ധജലസ്രോതസ്സുകൾ, മാരകമായ രോഗങ്ങൾക്കിടയാക്കുന്ന അന്തരീക്ഷ മലിനീകരണം, പ്രകൃതിയുടെ സന്തുലിതാവസ്ഥ അപകടത്തിലാക്കുന്ന നദികളിൽനിന്നുമുള്ള വ്യാപകമായ മണൽവാരൽ, ക്വാറികൾ, ശുദ്ധവായു പ്രവാഹത്തിനു തടസ്സമാകുന്ന ബഹുനില മന്ദിരങ്ങളുടെ ബാഹുല്യം..... . മനുഷ്യരാശി നേരിടുന്ന ഈ മഹാ വിപത്തിന്റെ പശ്ചാത്തലത്തിൽ ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച ചാക്രികലേഖനം ഇപ്പോൾ ലോകവ്യാപകമായി ചർച്ച ചെയ്യപ്പെടുകയാണ്.

# പൊതുഭവനമായ ഭൂമി സംരക്ഷിക്കപ്പെടണം

**ബിഷപ് ഡോ. ജോസഫ് കരിയിൽ**

സഹജീവികളോടും പ്രപഞ്ചത്തോടും സൃഷ്ടിവസ്തുക്കളോടും നാം അധിവസിക്കുന്ന ഈ ഭൂമിയോടുള്ള സർഗാത്മക പ്രതികരണത്തിനുള്ള ക്ഷണമാണ് ഫ്രാൻസിസ് മാർപാപ്പയുടെ രണ്ടാമത്തെ ചാക്രീകലേഖനമായ ലൗദാത്തോസീ (അങ്ങേക്കു സ്തുതി) എന്ന് കെ.സി.ബി.സി. സെക്രട്ടറി ജനറൽ ബിഷപ് ഡോ. ജോസഫ് കരിയിൽ പ്രസ്താവിച്ചു. ചാക്രിക ലേഖനത്തെക്കുറിച്ചുള്ള പഠനശിബിരം പി.ഒ.സി.യിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മനുഷ്യനും പ്രകൃതിയും മൃഗങ്ങളും ജീവജാലങ്ങളും പരസ്പരം കടപ്പെട്ടിരിക്കുന്നു. പ്രകൃതിയെ സംരക്ഷിക്കണമെന്ന കാര്യത്തിൽ ആർക്കുംതന്നെ എതിരഭിപ്രായമില്ല. എന്നാൽ മനുഷ്യനെ പരിഗണിക്കാത്ത വിധത്തിലുള്ള പ്രകൃതിസംരക്ഷണത്തിനല്ല സഭ ഊന്നൽ നല്കുന്നത്. പ്രകൃതിയെ സ്നേഹിക്കുന്നുവെന്ന് പറയുകയും മനുഷ്യന് നേരെയും ജീവന്റെ നേരെയുമുള്ള കയ്യേറ്റങ്ങളെ അംഗീകരിക്കുകയോ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്യുന്നത് ഒരിക്കലും ന്യായീകരിക്കാനാവില്ല എന്ന് പാപ്പാ തന്നെ പ്രസ്താവിക്കുന്നുണ്ട്. വന്യജീവികളെയും കാടുകളെയും, തെരുവുനായ്ക്കളെയും സംരക്ഷിക്കാൻ മുന്നിട്ടിറങ്ങുന്നവർ ഇവിടെ വസിക്കുന്ന മനുഷ്യനെകൂടി പരിഗണിക്കുകയും സംരക്ഷിക്കുകയും വേണം.



പ്രപഞ്ചത്തിന്റെ ഏകാവകാശി മനുഷ്യൻ മാത്രമല്ല എന്നാൽ പ്രപഞ്ചസംരക്ഷണം മനുഷ്യന്റെ വലിയ കടമയണ്. എല്ലാം മനുഷ്യനുവേണ്ടിയാണ് എന്ന ചിന്തയിൽനിന്നും, മനുഷ്യൻ എല്ലാവർക്കും എല്ലാറ്റിനും വേണ്ടിയാണ് എന്ന ചിന്തയിലേക്ക്, പ്രവർത്തിയിലേക്ക് വളരണം. ഇതാണ് സമഗ്രമായ വികസനം. ഈ ഭൂമിയിലെ വിഭവങ്ങൾ പരിമിതമാണ്. എല്ലാ ജനതകൾക്കുവേണ്ടി മാത്രമല്ല, എല്ലാ കാലത്തെയും എല്ലാ തലമുറകൾക്കുവേണ്ടിയുള്ളതാണ് പ്രകൃതിവിഭവങ്ങൾ. ആർഭാടവും ആർത്തിയും ഉപേക്ഷിക്കാൻ തയ്യാറാകണമെന്നു അദ്ദേഹം ഓർമ്മിപ്പിച്ചു. **(പി.ഒ.സി സെമിനാർ, ദീപിക 23/8/2015)**

# നമ്മുടെ പൊതുഭവനമായ ഭൂമിയുടെ നന്മയ്ക്ക്

**ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്**

കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി വളരെ സങ്കീർണ്ണമായ എന്നാൽ അവസരോചിതവുമായ വിഷയമാണു പാപ്പാ അവതരിപ്പിക്കുന്നത്. ഈ ചാക്രികലേഖനത്തിന്റെ കാതൽ നമുക്കുശേഷം വരുന്നവർക്കുവേണ്ടി, ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന കുട്ടികൾക്കുവേണ്ടി, ഏതുതരത്തിലുള്ള ഒരു ലോകമാണു നമ്മൾ കൊടുക്കാനിരിക്കുന്നത് (160) എന്നതാണ്. നമ്മുടെ പൊതുഭവനമായ ഭൂമിയോടു നമ്മൾ കാണിക്കുന്ന പരിഗണനന എന്താണ്? ഇതു പരിസ്ഥിതി വിഷയം മാത്രമായി കാണരുത്. പരിസ്ഥിതി നമ്മിൽ നിന്നു മാറിനില്ക്കുന്ന കാര്യമല്ല. നമ്മുടെ ജീവനെക്കുറിച്ചും നമ്മുടെ അസ്തിത്വത്തെക്കുറിച്ചുമാണു വാസ്തവത്തിൽ ഇവിടെ ചിന്തിക്കുന്നത്. ഈ ലോകത്തിലെ നമ്മുടെ ജീവന്റെ അർഥമെന്താണ്? നമ്മുടെ പ്രയത്നങ്ങളുടെ അർഥമെന്താണ്? ഭൂമിക്കു നമ്മെക്കൊണ്ടു എന്താണ് ആവശ്യം? ഈ വിഷയങ്ങളെക്കുറിച്ചു ഗൗരവമായി നമ്മൾ ചിന്തിക്കുന്നില്ലെങ്കിൽ പരിസ്ഥിതിശാസ്ത്രത്തെക്കുറിച്ചുള്ള നമ്മുടെ പഠനം കാര്യമായ പ്രതികരണങ്ങൾ സൃഷ്ടിക്കുകയില്ല എന്നു പാപ്പാ പറയുന്നു. അമിതോപയോഗം വഴിയും ദുരുപയോഗം വഴിയും ഭൂമി ഇന്നു വിരൂപമാക്കപ്പെട്ടിരിക്കുന്നു. ഭൂമിയിൽ ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണം കുടുന്നു. ഇവരെ ശ്രദ്ധിക്കണമെന്നു മാർപാപ്പ ശക്തമായി ഓർമപ്പെടുത്തുന്നു. വ്യക്തികളും കുടുംബങ്ങളും, പ്രാദേശിക സമൂഹങ്ങളും, രാജ്യങ്ങളും, അന്തർദേശീയ കൂട്ടായ്മകളും ഒരു പരിസ്ഥിതി മാനസാന്തരത്തിന് (ecological conversion) വിധേയമാകണമെന്നു പാപ്പാ പറയുന്നു. ....... **(ദീപിക, 19, 20/6/2015)**

# Laudato Si’ - ഒരു പുതിയ സേതുബന്ധനം

**റവ. ഡോ. അഗസ്റ്റ്യൻ പാംപ്ലാനി സി.എസ്.റ്റി**

ആകാശത്തിന്റെയും ഭൂമിയുടെയും കാര്യം പറഞ്ഞു തുടങ്ങുന്ന ക്രിസ്തീയ വിശ്വാസപ്രമാണം പിന്നീട് പ്രപഞ്ചത്തെ മറന്ന് മനുഷ്യനിലേക്ക് മാത്രം കേന്ദ്രീകരിക്കുന്നു എന്ന ഒരു വിമർശനമുണ്ട്. കത്തോലിക്കാ ദൈവശാസ്ത്രത്തിന്റെ പ്രാപഞ്ചികമാനത്തെ വീണ്ടെടുക്കുകയും ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നതാണ് ഫ്രാൻസീസ് പാപ്പയുടെ ഘമൗറമഠീ ടശ എന്ന ചാക്രികലേഖനം. സഭയിൽ മാത്രമല്ല, ലോകമെമ്പാടും രാഷ്ട്രീയ -സാമൂഹിക - അക്കാദമിക് മേഖലകളിലെല്ലാം ഈ ചാക്രികലേഖനം ഒട്ടേറെ ചർച്ച ചെയ്യപ്പെടുന്നു, ലോകമാധ്യമങ്ങൾ ഇതിന് പ്രാധാന്യം കല്പിക്കുന്നത് പരിസ്ഥിതി സംബന്ധമായ ഇതിന്റെ ഉള്ളടക്കത്തിന്റെ പ്രാധാന്യം കൊണ്ടും പ്രസക്തികൊണ്ടുമാണ്. കത്തോലിക്കാസഭയും സെക്കുലർ ലോകവും തമ്മിൽ സമീപകാല ചരിത്രത്തിലൊന്നും നടന്നിട്ടില്ലാത്ത വിധത്തിലുള്ള ഒരു പുതിയ സേതുബന്ധനം - കൂട്ടിയിണക്കൽ തന്നെയാണ് ഈ ചാക്രീകലേഖനം. ലോകത്തിന്റെ പ്രശ്നങ്ങളെ സഭ എത്രയോ ഗൗരവമായി അഭിസംബോധന ചെയ്യുന്നു എന്നതിന്റെ തെളിവാണിത്. സാമൂഹ്യനീതിയിൽ അടിത്തറ പാകിയ വിശ്വസാഹോദര്യത്തിൽ സാകല്യമായ പരിസ്ഥിതി ദർശനത്തെ ആവിഷ്കരിക്കുന്ന ‘Laudato Si’ യുടെ കാഴ്ചപ്പാടുകൾ വരുന്ന നവംബറിൽ പാരീസിൽ ഐക്യ രാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനത്തിലും ശക്തമായ സ്വാധീനം ചെയ്യുമെന്നുള്ളത് നിസ്സംശയമാണ്.

# മാനുഷിക പരിസ്ഥിതിക്കായി പ്രവർത്തിക്കുക

റവ. ഫാ. ജോസ് കോട്ടയിൽ

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള ഫ്രാൻസീസ് പാപ്പായുടെ പുതിയ ചാക്രികലേഖനം (ലൗദാത്തോസി) തങ്ങളുടെ ശരീരങ്ങളെ അംഗീകരിക്കാൻ സ്ത്രീപുരുഷന്മാരെ ആഹ്വാനം ചെയ്യുന്നുണ്ട്. ദൈവത്തിൽ നിന്നുള്ള ഒരു ദാനമായി അതിനെ സ്വീകരിക്കാനാണ് പാപ്പാ ആവശ്യപ്പെടുന്നത്. മനുഷ്യശരീരത്തെ നമുക്കു തോന്നുന്നതുപോലെ കൈകാര്യം ചെയ്യാനാവില്ലെന്ന താണ് സത്യം. നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും നമ്മുടെ പൊതുവായ ഭൂമിയിൽ നിന്നുമുള്ള ഒരു ദാനമായി നമ്മുടെ ശരീരത്തെയും ലോകത്തെ മുഴുവനെയും നാം സ്വീകരിക്കണം.

മനുഷ്യജീവനും ധാർമ്മികനിയമവും തമ്മിലുള്ള ബന്ധം മാനുഷിക പരിസ്ഥിതി ഉൾക്കൊള്ളുന്ന ആഴമാർന്ന യാഥാർത്ഥ്യ മാണ്. അതു നമ്മുടെ പ്രകൃതിയിൽത്തന്നെ മുദ്രിതമാണ്. കൂടുതൽ മഹത്ത്വപൂർണമായ പരിസ്ഥിതിസൃഷ്ടിക്ക് അതു നാം ആദരിക്കണം.

പരിസ്ഥിതിയോടും ജീവജാലങ്ങളോടും നേരിട്ടുള്ള ബന്ധത്തിൽ ഏർപ്പെടാൻ നമ്മെ സഹായിക്കുന്നത് നമ്മുടെ ശരീരമാണ്. ഒരാൾ തന്റെതന്നെ ശരീരത്തെ അംഗീകരിക്കു മ്പോഴാണ് ലോകത്തെ മുഴുവനും ദാനമായി അംഗീകരിക്കാനും സ്വീകരിക്കാനും ആദരിക്കാനും കഴിയുന്നത്. മനുഷ്യൻ തന്റെ ശരീരത്തെ സ്വീകരിക്കാൻ പഠിക്കുക. അതിനെ പരിപാലിക്കുക. അതിന്റെ പൂർണാർത്ഥം ആദരിക്കുക എന്നിവ യഥാർത്ഥ മാനുഷിക പരിസ്ഥിതിയുടെ അടിസ്ഥാന ഘടകമാണ്. യഥാർത്ഥ മനുഷ്യപ്രകൃതിയെ ആദരിക്കുന്ന ഒരു നിലപാടാണ് എങ്ങും ഉണ്ടാകേണ്ടത്.

# പ്രപഞ്ചം ഒരു ഗ്രന്ഥമാണ്

റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

വിശ്വാസവും മാനുഷികമൂല്യങ്ങളും മാറ്റിനിർത്തി പരിസ്ഥിതി പ്രശ്നങ്ങൾ ചർച്ചചെയ്യാൻ നമുക്കാവില്ല. മനുഷ്യസൃഷ്ടി ദൈവീകപദ്ധതിയുടെ ഭാഗമായിരുന്നു. മനുഷ്യന് മൂന്ന് അടിസ്ഥാന ബന്ധങ്ങളുണ്ട്. ദൈവത്തോട്. സഹോദരനോട്. പിന്നെ ഭൂമിയോട്. ദൈവം മനുഷ്യന് നൽകിയത് ഭൂമിയുടെ കാര്യസ്ഥതയും സംരക്ഷണവുമാണ്, എന്തെന്നാൽ മനുഷ്യൻ പരദേശിയും കുടികിടപ്പുകാര നുമാണ്. ഭൂമി കർത്താവിന്റേതാണ് (സങ്കീ. 24:1) സൃഷ്ടിയിൽ ദൈവം കുറിച്ചിരിക്കുന്ന ഒരു താളമുണ്ട്. ആബേലിന്റെ രക്തം ഭൂമിയിൽ നിന്നും നിലവിളിച്ചപ്പോൾ കായേലിനും ദൈവം നൽകിയ ശിക്ഷ ഭൂമിയോടു മല്ലിടാനായിരുന്നു. സ്നേഹ ത്തിന്റെ ക്രമത്തിലുള്ളതാണ് സൃഷ്ടി. അത് ദൈവത്തിന്റെ കരങ്ങളിൽ നിന്നുള്ള ദാനമാണ്. പ്രപഞ്ചത്തിൽ ഒട്ടനവധി സാധ്യതകളുണ്ട്, അവയുടെ അവസാന ഭാഗധേയം - ദൈവത്തിലേക്കാണ്. പദാർത്ഥ പ്രപഞ്ചമാകമാനം നമ്മോട് സംവദിക്കുന്നത് ദൈവത്തിന്റെ അനന്തമായ സ്നേഹത്തേയും വാത്സല്യത്തേയും കുറിച്ചാണ്. മണ്ണ്, വെള്ളം, മലകൾ എല്ലാം.... . പ്രപഞ്ചം എന്ന ഗ്രന്ഥത്തിന്റെ ഭാഗമാണ്. പ്രപഞ്ച ത്തിന്റെ അനേകശതം വ്യത്യസ്ത മായ സൃഷ്ടികളെന്ന അക്ഷരങ്ങൾ ഉപയോഗിച്ച് ദൈവം അമൂല്യമായ ഒരു ഗ്രന്ഥം രചിച്ചിരിക്കുന്നു. പരിസ്ഥിതി പ്രേമം സഹമനുഷ്യനോടുള്ള ആത്മാർത്ഥ സ്നേഹത്തോടും സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അചഞ്ചലമായ പ്രതിബദ്ധതയോടു കൂടി യായിരിക്കണം. സമ്പന്നർ ദരിദ്രരാജ്യങ്ങളുടെ പ്രകൃതിവിഭവ ങ്ങളെ ചൂഷണം ചെയ്യുന്നതുവഴി അഞ്ചാം പ്രമാണമാണ് ലംഘിക്കപ്പെടുന്നത്. ദൈവം തന്റെ ശിൽപവൈഭവത്താൽ സൃഷ്ടിച്ച പദാർത്ഥവുമായി നിരന്തരം സമ്പർക്കം പുലർത്തി ഈശോ അദ്ധ്വാനിച്ചു ജീവിച്ചു. അവിടുന്ന് തന്റെ ഭൗമീക ജീവിത കാലത്തു ധ്യാനിച്ചു വിസ്മയിച്ച വയൽപൂക്കളും പക്ഷികളു മെല്ലാം ഇപ്പോൾ അവിടുത്തെ പ്രശോഭിത സാന്നിധ്യത്തിൽ നിറഞ്ഞു നിൽക്കുന്നു. **( പി.ഒ.സി, സെമിനാർ 22/8/2015)**

# പ്രകൃതിവിഭവങ്ങൾ അനന്തമല്ല

ഡോ. സി. ആർ. നീലകണ്ഠൻ

ക്രൈസ്തവസമൂഹത്തിനു മാത്രമല്ല ലോകത്തിനാകമാന മായാണ് ലൗദാത്തോസീ എഴുതപ്പെട്ടി രിക്കുന്നത്. കാരണം പരിസ്ഥിതിപ്രശ്നം ഒരു ആഗോള പ്രശ്നമാണ്. അവയവങ്ങൾ മാറ്റിവച്ച് മനുഷ്യൻപോലും ഒരുപകരണമെന്നവണ്ണം മാറിക്കൊ ണ്ടിരിക്കുമ്പോൾ എത്രവിലകൊടുത്താലും വീണ്ടെടുക്കാ നാവാത്ത അപകടത്തിലേക്കാണു പരിസ്ഥിതി കടന്നു ചെല്ലുന്നത്. പരിസ്ഥിതി പ്രശ്നങ്ങളുടെ കാര്യ കാരണങ്ങളി ലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ആഹ്വാനം ഈ ചാക്രികലേഖനം നല്കുന്നു. ഇത് പരിസ്ഥിതിയെ ബാധിച്ചിരിക്കുന്ന സർവ രോഗ ങ്ങളെയും വേരോടെ പിഴുതെറിയാൻ സഹായകമാണ്. ഭൂമിയിലെ വിഭവങ്ങൾ അനന്തമാണ് എന്ന ചിന്ത അന്ധവിശ്വാസമാ ണെന്ന് ശാസ്ത്രം തന്നെ ഇതിനോടകം തിരിച്ചറിഞ്ഞി ട്ടുണ്ട്. രക്തം ദാനം ചെയ്യുന്നത്, അത് സ്വീകരിക്കുന്ന വ്യക്തിക്കും നൽകുന്ന വ്യക്തിക്കും നല്ലതാണ്. എന്നാൽ നിശ്ചിത അളവിൽ കൂടുതൽ രക്തം മനുഷ്യശരീരത്തിൽ നിന്ന് ഊറ്റിയെടുക്കാൻ അത് ശരീരത്തെ സാരമായി ബാധിക്കും. അതുപോലെ, പ്രകൃതി വിഭവങ്ങൾ നിർദാക്ഷിണ്യം ഊറ്റിയെടുത്താൽ പ്രകൃതിയാകുന്ന ശരീരത്തെ കൊന്നു തള്ളുകയാണു മനുഷ്യൻ ചെയ്യുന്നത്. പ്രപഞ്ചം ഒരു പൊതുഭവനമാണ്. മനുഷ്യൻ ഭൂമിയുടെ സർവാ ധിപനല്ല. സകലജീവജാലങ്ങളും ഇതിന്റെ അവകാശികളാണ്. എന്റെ ഭൂമി എന്ന സങ്കല്പത്തിൽ നിന്നും ഭൂമിയുടെ ഞാൻ എന്ന ബോധ്യത്തിലേക്കു മനുഷ്യൻ വളരേണ്ടിയിരിക്കുന്നു. കേവലം മൂന്നു പേരടങ്ങുന്ന ഒരു കുടുംബം 250 മുറികളുള്ള ഒരു ആഡംബരഭവനം പണിയുമ്പോൾ, 250 പേർക്കു വസിക്കാനുള്ള സ്ഥലമാണു നിഷേധിക്കപ്പെടുന്നത്. ഞാൻ പണം കൊടുത്തു വാങ്ങുന്നതെല്ലാം, പ്രകൃതി അതിന്റെ പ്രവർത്തനം വഴി എനിക്കു നൽകുന്നതാണ്. മാത്സര്യമനോഭാവത്തിൽ വളരേണ്ടവനല്ല മനുഷ്യൻ Survivial of the fittest എന്നത് അന്ധവിശ്വാസമാണ്, സാമൂഹ്യമനോഭാവത്തിൽ വളരുമ്പോൾ മാത്രം ആകുന്നവനാണ് മനുഷ്യൻ. Survival of the weakest എന്നതാണ് സാമൂഹ്യജീവിയെന്ന നിലയിൽ മനുഷ്യൻ ഉയർത്തിപ്പിടിക്കേണ്ട സത്യം. **(പി.ഒ.സി, സെമിനാർ 22/8/2015)**

# പരിസ്ഥിതി സംരക്ഷണം മതജീവിതത്തിന്റെ ഭാഗം

**ബിഷപ് ഡോ. എബ്രാഹം മാർ യൂലിയോസ്**

പരിസ്ഥിതിസംരക്ഷണം ഏവരുടെയും കടമയും മതജീവിതത്തിന്റെ ഭാഗവുമാണ്. എല്ലാ മതങ്ങളും പ്രകൃതിയോടുള്ള ആദരപൂർവമായ സമീപനത്തെ പ്രോത്സാഹിപ്പിക്കുന്നു. ക്രൈസ്തവവിശ്വാസം പ്രകൃതിയെ ദൈവസൃഷ്ടിയായും ദൈവസാന്നിധ്യത്തിന്റെ ഇടമായും കരുതുന്നു. പ്രകൃതിയോടുള്ള ഉത്തരവാദിത്തപൂർണമായ കരുതൽ ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമാണ്. ഭാരതത്തിന്റെ പൗരാണിക പാരമ്പര്യങ്ങൾ ഈ ഉത്തരവാദിത്വം തിരിച്ചറിഞ്ഞിരുന്നു. ഫ്രാൻസിസ് പാപ്പായുടെ അങ്ങേക്കു സ്തുതി എന്ന ചാക്രികലേഖനത്തെക്കുറിച്ച് പിഒസി സംഘടിപ്പിച്ച ത്രിദിന പഠനശിബിരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ് എബ്രാഹം മാർ യൂലിയോസ്. പൊതുസമൂഹം പരിസ്ഥിതിക്കുവേണ്ടി പുനർസമർപ്പണം നടത്തണം. സുസ്ഥിരവും സമഗ്രവുമായ സമീപനമാണ് അതിനാവശ്യമെന്നും അദ്ദേഹം പറഞ്ഞു. **(പി. ഒ.സി സെമിനാർ, 7/9/2015)**



# ഭൂമി മരണാസന്നമായിരിക്കുന്നു

**ഡോ. മേരി റെജീന**

ഭൂമി മരണാസന്നമായിരിക്കുന്നു. പ്രതിസ്ഥാനത്ത് നിൽക്കേണ്ടി വരുന്നത് മനുഷ്യൻതന്നെയാണ്. ഹരിതഗ്രഹവാതകങ്ങളുടെ ഉയർന്ന സാന്നിദ്ധ്യമൂലം വർദ്ധിച്ചുവരുന്ന അന്തരീക്ഷതാപനില, മലിനമായിക്കൊണ്ടിരിക്കുന്ന പുഴകളും തടാകങ്ങളും, ശുദ്ധജലദൗർലഭ്യം വിഷമയമായ കാർഷികവിളകൾ, മാലിന്യം നിറയുന്ന നഗരങ്ങൾ വംശനാശം വന്നുകൊണ്ടിരിക്കുന്ന ജീവജാലങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങളുടെ ഫലമായി വർദ്ധിച്ചു വരുന്ന രോഗങ്ങൾ എന്നീ പ്രശ്നങ്ങൾ നമ്മെ ഭയപ്പെടുത്തുന്നു. കാർബൺ നിർഗ്ഗമനം കുറക്കുവാനും, അക്ഷയയോർജ്ജ സ്രോതസ്സുകളുടെ ഉപയോഗം കൂട്ടുവാനും, ഉപഭോഗ സംസ്കാരത്തെ പരിമിതപ്പെടുത്തുവാനും പാപ്പാ പറയുമ്പോൾ ഇന്നത്തെ അവസ്ഥ സർവ്വമാനവകുലത്തിനും എത്രത്തോളം ഭീഷണിയായിത്തീർന്നിരിക്കുന്നു എന്നു നാം മനസ്സിലാക്കണം.

പരിസ്ഥിതിയുടെ ഭീഷണി നമുക്കിപ്പോൾ വ്യക്തിപരമായി അനുഭവമാകുന്നു. മനുഷ്യജീവിതത്തിന്റെ നിലവാരം തളർന്നു കഴിഞ്ഞു. പ്രകൃതിയുമായി ബന്ധപ്പെട്ടു കഴിയുന്നതിൽ നിന്നും ഇന്നത്തെ ജീവിതരീതികൾ മനുഷ്യനെ അകറ്റുന്നു. ചിലരുടെ ആർഭാടങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി ദുരന്തങ്ങളുടെ കുറ്റപത്രം പാവപ്പെട്ടവരുടെ ആവശ്യങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു. ഉദാഹരണത്തിന് ഏററവും പാവപ്പെട്ടവർക്കാണ് ശുദ്ധജലം നിഷേധിക്കപ്പെടുന്നതും അവർ തന്നെയാണ് മലിനജലജന്യമായ രോഗങ്ങൾക്കിരയായി മരിക്കുന്നതും. ഇന്നത്തെ ഈ പ്രതിസന്ധിയെ നേരിടാൻ ദുർബലമായ പ്രതികരണങ്ങളാണ് നമുക്കുള്ളത്. ഭാവിയിൽ യുദ്ധമുണ്ടാകുന്നെങ്കിൽ അത് പ്രകൃതി വിഭവങ്ങളായ ശുദ്ധജലത്തിനും, ശുദ്ധമായ ഭക്ഷണത്തിനും, ജീവശ്വാസത്തിനുവേണ്ടിയുമായിരിക്കും. Think globally and act locally...
**(പി.ഒ.സി, സെമിനാർ 22/8/2015)**

# കാതുള്ളവർ കേൾക്കട്ടെ

**സുഗതകുമാരി**

സർവനാശത്തിലേക്കു നീങ്ങുന്ന ഭൂമിയുടെ രക്ഷയ്ക്കായി മാർപാപ്പായുടെ വാക്കുകൾക്ക് കാതോർക്കുവാൻഏ്വ ആഹ്വാനം ചെയ്യുന്നു മലയാളത്തിന്റെ കവയിത്രിയായ സുഗതകുമാരി

ലോകമെങ്ങുമുള്ള കോടിക്കണക്കിന് കത്തോലിക്കാ സഭാവിശ്വാസികളുടെ പരമാചാര്യനായ സംപൂജ്യ ഫ്രാൻസിസ് മാർപാപ്പ ഇതാ ഞങ്ങളുടെ ഭാഷയിൽ വിളിച്ചറിയിക്കുന്നു!. ഭൂമിയുടെ നിലവിളി കേൾക്കൂ ദാരിദ്ര്യത്തിന്റെ മുറവിളി ശ്രദ്ധിക്കൂ. അദ്ദേഹം പറയുന്നു, സമയം വൈകിപ്പോകുന്നു. ഈ ഭൂഗോളം ഒരു വലിയ മാലിന്യകൂമ്പാരമായി മാറിക്കൊണ്ടിരിക്കുകയാണ്. സർവ്വജീവജാലങ്ങളുടെയും നാശത്തിലേക്കാണതു നീങ്ങുന്നത്. വികസനമെന്നാൽ കമ്പോളത്തിന്റെ വളർച്ചയല്ല പണത്തിന്റെ കുന്നുകൂടലല്ല, സുഖഭോഗങ്ങളുടെ പിടിച്ചാൽ കിട്ടാത്ത വർധനയല്ല. എങ്ങനെയും പിടിച്ചെടുക്കുക. അതിന്മേൽ യജമാനത്വം സ്ഥാപിക്കുക, എന്നിട്ടതിനെ മാറ്റിമറിക്കുക – ഇതാണല്ലോ നാമിന്നു ചെയ്യുന്നത്. ഭൂമിയുടെ വിഭവങ്ങൾ അനന്തമാണെന്ന രീതിയിൽ നാം അവയെ ഊറ്റിയെടുക്കുന്നു. തത്ഫലമായി ഞെക്കിപ്പിഴിഞ്ഞെടുത്ത വെറും ചണ്ടിയായി ത്തീർന്നു ഭൂമി. ബഹുമാന്യനായ മാർപാപ്പ വേദനയോടെ ചൂണ്ടിക്കാട്ടുന്നു. കുറേയധികം ജനങ്ങൾ കഠിനദാരിദ്ര്യം നിമിത്തം നിരാശയുടെയും അധ:പതനത്തിന്റെയുംം ചെളിക്കുണ്ടിലാണ്ടുകിടക്കുമ്പോൾ മറ്റു കുറേപ്പേർ തങ്ങളുടെ പക്കലുള്ള മഹാധനം എന്തുചെയ്യണമെന്നറിയാതെ കുഴയുകയാണ്. തങ്ങളുടെ അധീശഭാവവും സുഖഭോഗലാലസതയും പ്രദർശിപ്പിച്ച് അവരുടെ ഉച്ചിഷ്ടങ്ങൾകൊണ്ട് ഭൂമിയെ നിറയ്ക്കുകയാണ്. ഈ പോക്ക് നമ്മുടെയെല്ലാം ഒരേയൊരു വീടായ കൊച്ചുഗ്രഹത്തെ നശിപ്പിക്കുകയേയുള്ളൂ. ഈശ്വരന്റെ മഹത്തായ സൃഷ്ടികളെ ചവിട്ടിത്തേക്കാൻ ആർക്കും അധികാരമില്ല. **(മാതൃഭൂമി 30/7/2015)**

# മാർപാപ്പായുടെ മുന്നറിയിപ്പുകൾ

**എസ്. ജയചന്ദ്രൻനായർ**

ഈ ഭൂമിയിലെ മണ്ണാകുന്നു നാം. പ്രകൃതിയിലെ വിവിധ അംശങ്ങൾകൊണ്ട് നിർമ്മിക്കപ്പെട്ടതാണു നമ്മുടെ ശരീരം. അവളുടെ വായു നാം ശ്വസിക്കുന്നു. അവൾ പ്രദാനം ചെയ്യുന്ന ജലം നമ്മുടെ ദാഹം ശമിപ്പിക്കുകയും ആശ്വാസം നൽകുകയും ചെയ്യുന്നു. അങ്ങനെയുള്ള പ്രകൃതിയെ ദുരാർത്തിപൂണ്ട നാം നശിപ്പിക്കയാണെന്നും മൗനമവലംബിക്കുകയാണെന്നും ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രികലേഖനം.

**(മംഗളം 31/7/2015)**

# പ്രകൃതിയോട് ഇണങ്ങിനില്ക്കുന്ന ഒരു ആധ്യാത്മികത വളർത്തിയെടുക്കുക

**റവ. ഡോ. ജോസ് മുളങ്ങാട്ടിൽ MCBS**

പരിസ്ഥിതിയെ കേന്ദ്രബിന്ദുവായിക്കാണുന്ന ഭാരതീയ ആധ്യാത്മികതയോടു സമരസപ്പെട്ടുപോകുന്ന ഒന്നാണ് ഫ്രാൻസീസ് പാപ്പയുടെ ചാക്രികലേഖനം. പാപ്പായുടെ പരിസ്ഥിതിക ദർശനങ്ങളെ ഭാരതീയ ദർശനങ്ങളുമായി ബന്ധപ്പെടുത്തി പ്രയോഗത്തിൽ കൊണ്ടുവരുമ്പോൾ, ഈ ചാക്രികലേഖനത്തോട് നമുക്ക് ആത്മാർത്ഥത പുലർത്താനാകും. ഒരു മാനസാന്തരം ആവശ്യമാണ്. പ്രഥമവും പ്രധാനവുമായ മാറ്റം സംഭവിക്കേണ്ടത് മനുഷ്യ മനസുകളിലാണ്. സൃഷ്ടികൾ തമ്മിലുള്ള ബന്ധം ത്രിത്വൈക ബന്ധം പോലെ പരിശുദ്ധമായിരിക്കണം. വഷളതകൾ ഒത്തിരി നിറഞ്ഞ ഒരു ജീവിയാണു മനുഷ്യനെങ്കിലും, ഏറ്റവും ഊഷ്മളതയും മനോഹരവും, ആകർഷവുമായവയെ വികസിപ്പിച്ചെടുക്കാനുള്ള കഴിവ് മനുഷ്യനുണ്ട്. ആർത്തി നിഴലിക്കുന്ന ഇന്നത്തെ ഉപഭാഗ സംസ്കാരത്തിൽ നാം ജീവിക്കുമ്പോൾ മറ്റുള്ളവരെക്കൂടി പരിഗണിച്ചു വളരുവാനുള്ളതിന്റെ ആവശ്യകതയെ പറ്റി പാപ്പ ആഹ്വാനം ചെയ്യുന്നു. സ്വരുക്കൂട്ടിവയ്ക്കുന്നതിലൂടെയല്ല കൊടുത്തു തീർക്കുന്നതിലൂടെയാണ് മനുഷ്യൻ വളർച്ച പ്രാപിക്കുന്നത് എന്ന പക്ഷക്കാരനാണു ഫ്രാൻസീസ് പാപ്പ. പ്രപഞ്ചത്തിലെ സകലത്തിലും ദൈവത്തിന്റെ കരവിരുതു കാണുവാൻ നമുക്ക് സാധിക്കും. ഒരു ക്രിസ്ത്യാനിയെ സംബനിധിച്ചടത്തോളം പ്രകൃതിയോട് ഇണങ്ങിനിൽക്കുന്ന ഒരു ആധ്യാത്മികത വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്.

**(പി.ഒ.സി, സെമിനാർ 22/8/2015)**

# പരിസ്ഥിതി സംരക്ഷണം ഈശ്വരവിശ്വാസത്തിന്റെ ഭാഗമായി കാണണം

**കെ.സി.ബി.സി, 2012**

**(“പച്ചയായ പുല്ത്തകിടിയിലേയ്ക്ക്,” പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നയരേഖയും പ്രവർത്തനപദ്ധതിയും, 2012)**

പ്രപഞ്ചത്തിൽ ദൈവം നിറഞ്ഞുനില്ക്കുന്നു. കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു. അവിടത്തെ കല്പനയാൽ ആകാശഗോളങ്ങളും (സങ്കീ.33,6) അവിടന്ന് അരുൾ ചെയ്തു, ലോകം ഉണ്ടായി; അവിടന്നു കല്പിച്ചു, അത് സുസ്ഥാപിതമായി (സങ്കീ.33,9). പ്രപഞ്ചം ദൈവത്തിന്റെ ആലയമാണ്. ശരീരത്തിൽ ആത്മാവ് എങ്ങനെ വസിക്കുന്നുവോ അതേരീതിയിൽ ഭൂമിയിൽ ദൈവം വസിക്കുന്നു. വെന്ന് വിശുദ്ധ തോമസ് അക്വീനാസ് പഠിപ്പിക്കുന്നു (st,17). ഭൂമിയും അതിലെ സമസ്തവസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ് (സങ്കീ.24,1).

ദൈവത്തിന്റെ ആലയമായ ഭൂമിയെ സുന്ദരമായി സൂക്ഷിക്കാൻ നമുക്കു കടമയുണ്ട്. കർത്താവിന്റെ ആലയത്തിൽ ശുശ്രൂഷചെയ്ത് അതിനെ സംരക്ഷിച്ച ലേവ്യരെപ്പോലെ ഭൂമിയിൽ ശുശ്രൂഷചെയ്ത് അതിനെ സംരക്ഷിക്കാനും വൃത്തിയായി സൂക്ഷിക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. മനുഷ്യൻ പ്രപഞ്ചവസ്തു ക്കളുടെ ആത്യന്തിക ഉടമകളല്ല. അതുകൊണ്ട് പ്രപഞ്ചത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയനുസരിച്ചേ മനുഷ്യൻ ഭൂമിയെ ഉപയോഗിക്കാവൂ (ചെന്തേസിമൂസ് ആന്നൂസ് 37). ദൈവം നമുക്കു നല്കിയ പ്രപഞ്ചം സുന്ദരമായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം ക്രൈസ്തവവിശ്വാസത്തിൽ നിന്ന് ഉരുത്തിരിയുന്നവയാണ്. പരിസ്ഥിതി സംരക്ഷണം ഈശ്വരവിശ്വാസാത്തിന്റെ ഭാഗമായി കാണണം.

- **പരിസ്ഥിതി പ്രശ്നത്തിന്റെ ധാർമ്മികവശങ്ങൾ സമൂഹശ്രദ്ധയിൽ കൊണ്ടുവരുക.**
- **പരിസ്ഥിതിയും ദാരിദ്ര്യവും വികസനശ്രമങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക**
- **പരിസ്ഥിതിനാശത്തിന്റെ ഒന്നാം ഇരകളായ പാവപ്പെട്ടവരോടുള്ള അനുഭാവം ക്രിയാത്മകമായി പ്രകടിപ്പിക്കുക**
- **സുസ്ഥിരവികസനത്തിലൂടെയുള്ള പരിസ്ഥിതി സംരക്ഷണത്തിലെ നീതിയുടെ വശങ്ങൾ വെളിവാക്കുക**
- **എല്ലാ കത്തോലിക്കരെയും സന്മനസ്സുള്ള എല്ലാ മനുഷ്യരെയും ഈ പ്രശ്നത്തിലെ മതപരമായ മാനങ്ങൾ പിരഗണിക്കാൻ ക്ഷണിക്കുക**
- **പരിസ്ഥിതിസംരക്ഷണത്തിന് സഭ നടത്തുന്ന ഇടപെടലുകൾ കൂടുതൽ സജീവമാക്കുക**
- **ഇന്നത്തെ സാഹചര്യത്തിൽ പരിസ്ഥിതിസംരക്ഷണത്തിന് അനുവർത്തിക്കാനുതകുന്ന കാര്യങ്ങൾ നിർദ്ദേശിക്കുക**
- **പരിസ്ഥിതി ആത്മീയത പരിപോഷിപ്പിക്കുക**

# ദളിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യം: സംസ്ഥാന സർക്കാർ മുൻകൈയെടുക്കണം

ജാതിസ്വത്വം ഇന്ത്യയിലെ ജനജീവിതത്തിന്റെയും സാമൂഹികയാഥാർത്ഥ്യത്തിന്റെയും ഭാഗമാണെന്നിരിക്കെ മറ്റു മത വിഭാഗങ്ങളിലെ ദളിതർക്കു നല്കുന്ന ആനുകൂല്യങ്ങളിൽനിന്ന് ക്രൈസ്തവരെ മാറ്റി നിറുത്തുന്നത് അനീതിയാണെന്ന് കെ.സി.ബി.സി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ജസ്റ്റിസ് സൺഡേ യോടനുബന്ധിച്ച് നടത്തിയ അവലോകന യോഗം വിലയിരുത്തി. ക്രിസ്തുമത വിശ്വാസികളായ സംവരണ സമുദായാംഗങ്ങളെ എസ്‌സി/എസ്ടി പട്ടികയിൽപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാർ മുൻ കൈയെടുക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ക്രിസ്തുമതം ജാതിയുടെ പേരിലുള്ള ഉച്ചനീചത്വങ്ങളെ അംഗീകരിക്കുന്നില്ല എന്നതിന്റെ പേരിൽ സംവരണസമുദായങ്ങളിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവർക്ക് സംവരണ ആനുകൂല്യം നിഷേധിക്കുന്നത് നിയമത്തിനു മുമ്പിൽ എല്ലാവരും തുല്യരാണെന്ന ഭരണഘടനാതത്ത്വത്തിനും ഭരണഘടനയുടെ അന്തസ്സത്തയ്ക്കും നിരക്കുന്നതല്ല. ക്രിസ്തുമതം സ്വീകരിച്ച ദളിതർക്ക് ആനുകൂല്യം നിഷേധിക്കുന്ന സർക്കാരും നീതിപീഠവും ഘർവാപസിയിലൂടെ തിരിച്ചു പോകുന്നവർക്ക് ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊടുക്കുകയും ചെയ്യുന്നു. സാമുദായികമായും സാമ്പത്തികമായും ഒരേ സ്ഥിതിയിലുള്ള ക്രൈസ്തവ - അക്രൈസ്തവ ദളിതരിൽ സംവരണ ആനുകൂല്യം ആവശ്യമുള്ളവർ ഹിന്ദുമതം സ്വീകരിക്കണമെന്ന് വരുന്നത് വിവേചനാപരവും ഇരട്ടത്താപ്പുമാണെന്നു കരുതേണ്ടി വരുന്നു. ഈ വിവേചനവും ഇരട്ടത്താപ്പും അവസാനിപ്പിക്കാൻ സർക്കാർ മുൻകൈ എടുക്കണം. **(കെ.സി.ബി.സി., 17/8/2015)**

# വിഴിഞ്ഞം നിവാസികൾക്ക് പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണം

വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഇരകളാക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുനരധിവാസ പാക്കേജ് ഉടൻ പ്രഖ്യാപിക്കണമെന്ന് കേരള കാത്തലിക് ഫെഡറേഷൻ സർക്കാരിനോടു ആവശ്യപ്പെട്ടു. ഈ ആവശ്യത്തിൽ നിന്നും കത്തോലിക്കാസഭ പുറകോട്ട് പോയെന്നുള്ള പ്രചരണം അവാസ്തവവും ചില രാഷ്ട്രീയ താത്പര്യങ്ങൾ വെച്ചുകൊണ്ടുള്ളതാണെന്നും യോഗം വിലയിരുത്തി.

മൂലംപിള്ളിയിൽ കുടിയിറക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ ഇതുവരെ പരിഹൃതമായിട്ടില്ലെന്നുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ പ്രശ്നത്തെയും കേരള കാത്തലിക് ഫെഡറേഷൻ നോക്കിക്കാണുകയാണ്. ജനപക്ഷത്തു നിന്നുകൊണ്ട് പോരാടുന്ന ലത്തീൻ കത്തോലിക്കാസഭയ്ക്ക് കെ.സി.ബി.സി. യുടെ അത്മായ സംഘടനയായ കേരള കാത്തലിക് ഫെഡറേഷൻ സർവവിധ പിന്തുണയും പ്രഖ്യാപിച്ചു.

പി.ഒ.സി.യിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് പി.ഐ. ലാസർ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് യോഗം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോസ് കോട്ടയിൽ, ജനറൽ സെക്രട്ടറി നെൽസൺ ഫെർണാണ്ടസ്, വൈസ് പ്രസിഡന്റുമാരായ വി.സി. ജോർജുകുട്ടി, മേരിക്കുട്ടി അബ്രാഹം, എം.സി.എ. പ്രസിഡന്റ് പി.കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. **(കെ.സി.എഫ്., 19/8/2015)**

# ലോ കമ്മീഷൻ ശുപാർശ സ്വാഗതാർഹം

വധശിക്ഷ ചില പ്രത്യേക വകുപ്പുകളിലേക്ക് പരിമിതപ്പെടുത്തിക്കൊണ്ട് ജീവന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കുന്ന ലോ കമ്മീഷൻ ശുപാർശ സ്വാഗതാർഹമാണ്. വധശിക്ഷ പൂർണമായി ഒഴിവാക്കുന്നതിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പ്പായി വേണം ഇതിനെ വിലയിരുത്താൻ. ജീവനും സ്വത്തിനും സംരക്ഷണം നല്കാനുള്ള ശ്രമത്തിൽ ഭരണകൂടത്തിനു തന്നെ ജീവനെടുക്കേണ്ടിവരുന്നു എന്നതാണ് വധശിക്ഷയിലെ വൈരുദ്ധ്യം. പരിവർത്തന വിധേയരാകാൻ കൂട്ടാക്കാത്ത കൊടുംകുറ്റവാളികളെയും രാജ്യത്തിന്റെ അഖണ്ഡതയ്ക്കും സമൂഹത്തിന്റെ ഭദ്രതയ്ക്കും നേരെ ഭീഷണി ഉയർത്തുന്നവരെയും ദീർഘകാലം സമൂഹത്തിൽ നിന്ന് മാറ്റി നിർത്തേണ്ടി വന്നേക്കാം. കുറ്റത്തിനു തക്ക ശിക്ഷ നല്കുന്നതോടൊപ്പം കുറ്റവാളികളുടെ ജീവിത നവീകരണവും ലക്ഷ്യം വയ്ക്കുന്നതാകണം ഒരു പരിഷ്കൃതസമൂഹത്തിന്റെ നീതിന്യായ സംവിധാനം. നിലവിലുള്ള നിയമസംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും പൗരബോധവും രാജ്യസ്നേഹവും പരിപോഷിപ്പിക്കുകയും ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പ്രത്യേക പരിഗണനയും കരുണയും കാട്ടുകയുമാണ് തീവ്രവാദവും ഭീകരപ്രവർത്തനവും ഫലപ്രദമായി തടയുന്നതിനാവശ്യം. നിയമവ്യവസ്ഥയിൽ നിന്ന് വധശിക്ഷ ഒഴിവാക്കുന്നത് മറ്റുവിധത്തിൽ ഭരണകൂട ഭീകരതയിലേക്കും ഇടുങ്ങിയ ദേശീയതയിലേക്കും വഴി തെറ്റാതിരിക്കാൻ പൗരസമൂഹം നിതാന്ത ജാഗ്രത പുലർത്തേണ്ടതും ആവശ്യമാണ്. **(കെ.സി.ബി.സി., 1/9/2015)**

# മയക്കുമരുന്നിനെതിരെ മൗനം പാലിക്കുന്നതാര്?

മദ്യത്തെ എതിർക്കുന്നവർ മയക്കുമരുന്നിനെതിരെ നിശബ്ദത പാലിക്കുന്നുവെന്ന മന്ത്രി കെ. ബാബുവിന്റെ പ്രസ്താവന നിരുത്തരവാദപരമാണെന്ന് കെ.സി.ബി.സി. വക്താവ് ഫാ. വർഗീസ് വള്ളിക്കാട്ട് പറഞ്ഞു. സംസ്ഥാന തുറമുഖ എക്സൈസ് വകുപ്പുമന്ത്രി എന്ന നിലയിൽ സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടമായിമാത്രമേ മന്ത്രിയുടെ പ്രസ്താവനയെ കാണാൻ കഴിയൂ. സംസ്ഥാനത്തേക്ക് ടൺ കണക്കിന് സ്വർണം കടത്തുന്നതായും ആനുപാതികമായി സംസ്ഥാനത്തുനിന്ന് മയക്കുമരുന്ന് കടത്തുന്നതായും ഈ ശൃംഖല ഗൾഫുനാടുകളിലെ ഭീകരസംഘടനകൾ വരെ എത്തുന്നതായും മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തത് അടുത്തകാലത്താണ്. കൊച്ചി ഒരു അന്താരാഷ്ട്ര മയക്കുമരുന്നു ഹബ്ബായി മാറിക്കൊണ്ടിരിക്കുന്നതായും റിപ്പോർട്ടുകൾ വന്നു. ഇതൊന്നും ഭരണാധികാരികൾ അറിഞ്ഞതായിപ്പോലും ഭാവിക്കുന്നില്ല. സ്വർണ-മയക്കുമരുന്ന് കടത്തിറക്കു ലോബിക്ക് സുരക്ഷിതപാതയും സംരക്ഷണവുമൊരുക്കുന്നതും നിയമത്തിന്റെ പഴുതുപയോഗിച്ചും പൊതുസമൂഹത്തിന്റെ കണ്ണിൽപ്പെടാതെയും അവരെ രക്ഷപ്പെടാൻ സഹായിക്കുന്നതും ആരൊക്കെയാണെന്ന് ഭരണകർത്താക്കൾ വെളിപ്പെടുത്തേണ്ടതല്ലേ? മദ്യത്തിനെതിരെ നിലപാടെടുക്കുന്നവരോട് വിരോധം പുലർത്തുന്ന എക്സൈസ് വകുപ്പുമന്ത്രി, സർക്കാരിന്റെ മദ്യനയവും ജനങ്ങളുടെ താത്പര്യവും നടപ്പാക്കാൻ ആത്മാർത്ഥത കാണിക്കുമെന്നു കരുതാമോ? മദ്യലോബിക്കുവേണ്ടി നിലപാടെടുത്ത രീതിയിൽ മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്കെതിരെ സംസാരിക്കുന്ന മന്ത്രി ആരു താത്പര്യം സംരക്ഷിക്കാനാണോ ശ്രമിക്കുന്നതെന്ന് വ്യക്തമല്ല.

മദ്യത്തിനെതിരെ സംസാരിക്കുന്നവരുടെ വായടപ്പിക്കാൻ ശ്രമിക്കുന്നതിനു പകരം മദ്യനയം നടപ്പിലാക്കുന്നതിൽ സർക്കാരിന്റെ ആത്മാർത്ഥത തെളിയിക്കുന്ന നടപടികളാണ് പൊതുസമൂഹം ഭരണകൂടത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ മയക്കുമരുന്ന് വ്യാപിക്കുന്നെങ്കിൽ അതിനുത്തരവാദികൾ മദ്യത്തിനെതിരെ പ്രവർത്തിക്കുന്നവരല്ല, മദ്യലോബിക്കും, സ്വർണക്കടത്തുകാർക്കും മയക്കുമരുന്നു മാഫിയയ്ക്കും സംരക്ഷണവും ബഹുമാന്യതയും നല്കി അവർക്ക് അനുകൂല സാഹചര്യമൊരുക്കുന്ന അധികാരസ്ഥാനത്തുള്ളവരാണ്.

സംസ്ഥാനത്തെ വിമാനത്താവളങ്ങളും തുറമുഖനഗരങ്ങളുമാണ് മയക്കുമരുന്ന്-സ്വർണക്കടത്ത് ഭീകരപ്രവർത്തന ശൃംഖലയ്ക്ക് സുരക്ഷിത പാതയൊരുക്കുന്നതെന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ കഴിയുന്നത്. ഇവയൊന്നും നിയന്ത്രിക്കുന്നത് കേരളത്തിലെ മദ്യവിരുദ്ധ സമിതികളല്ലല്ലോ. ഭരണത്തിലിരുന്നുകൊണ്ട് പൊതുസമൂഹത്തെ പരിഹസിക്കുന്ന രീതിയിൽ പ്രസ്താവന നടത്തുന്നത് ഭരണധികാരികൾക്ക് ഭൂഷണമാണോയെന്ന് ചിന്തിക്കണം.

മദ്യത്തിനും മയക്കുമരുന്നിനുമെതിരെ കെ.സി.ബി.സി. മദ്യവിരുദ്ധ സമതിയുടെ നേതൃത്വത്തിൽ നടക്കുന്ന ഇടവക ഗ്രാമതലപ്രവർത്തനങ്ങളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറലും വാക്താവുമായ ഫാ. വള്ളിക്കാട്ട്. **(കെ.സി.ബി.സി., 2/9/2015)**

# മതപ്രതീകങ്ങളുടെ ദുരുപയോഗം അവസാനിപ്പിക്കണം

രാഷ്ട്രീയപ്പാർട്ടികൾ മതപരമായ പ്രതീകങ്ങളെയും മതസ്ഥാപകരെയും രാഷ്ട്രീയ നേട്ടത്തിനായി ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കണം. ഇത്തരം ദുരുപയോഗങ്ങൾ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വിശ്വാസ്യത തകർക്കാനേ ഉപകരിക്കുകയുള്ളൂ. രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾക്കും നയപരിപാടികൾക്കും ജനങ്ങളിലുള്ള സ്വാധീനം നഷ്ടപ്പെടുന്നു എന്ന ഭയമാണ് രാഷ്ട്രീയപ്പാർട്ടികളെ മതപ്രതീകങ്ങളുടെ ദുരുപയോഗത്തിലേക്കു നയിക്കുന്നതെന്നു വേണം കരുതാൻ. സമൂഹത്തിൽ അപകടകരമായ ചേരിതിരിവുകളും വർഗീയതയും വളർത്താനേ ഇത് ഉപകരിക്കൂ. വർഗീയത ഉപയോഗിച്ച് മുതലെടുപ്പു നടത്താനുള്ള സമീപകാല രാഷ്ട്രീയ പ്രലോഭനത്തിന് ഇത് ആക്കം കൂട്ടുകയും ചെയ്യും. സാമുദായിക രാഷ്ട്രീയ നേതാക്കൾ ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത പുലർത്തണം. **(കെ.സി.ബി.സി., 10/9/2015)**

# തെരുവുനായ്ക്കൾ: ഭരണാധികാരികൾ ജാഗ്രത പുലർത്തണം

അനുദിനമെന്നോണം പെരുകിവരുന്ന തെരുവുനായ് ശല്യത്തെക്കുറിച്ച് ഭരണാധികാരികൾ കൂടുതൽ ജാഗ്രതയും ഉത്തരവാദിത്തവും പുലർത്തണം. തെരുവുനായ്ക്കളും വന്യമൃഗങ്ങളും മേയുന്ന ഇടമായി കേരളത്തിന്റെ തെരുവുകളും പൊതുസ്ഥലങ്ങളും മാറുന്നത് കണ്ടില്ലെന്നു നടിക്കരുത്. കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങുന്നതും മനുഷ്യരെയും വളർത്തുമൃഗങ്ങളെയും കൊന്നുതിന്നുന്നതും കൃഷിയിടങ്ങൾ നശിപ്പിക്കുന്നതും പതിവായിരിക്കുന്നു. തെരുവുനായ്ക്കൾ കുട്ടികളെയും മുതിർന്നവരെയും തെരുവിലും വീടുകയറിയും ആക്രമിച്ച് പരുക്കേൽപ്പിക്കുന്നതും പതിവു വാർത്തയാണ്. വന്യമൃഗങ്ങളെ വനത്തിലും വളർത്തുന്ന മൃഗങ്ങളെ വീടുകളിലും സംരക്ഷിക്കാനുള്ള നടപടികൾ കാര്യക്ഷമമായി നടപ്പാക്കണം.

നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുകയും അവയെ സംരക്ഷിക്കുന്നതിനുള്ള ചുമതല ലൈസൻസിൽ നിക്ഷിപ്തമാക്കുകയും വേണം. അവയെ സ്വന്തം വീട്ടുവളപ്പുവിട്ട് പുറത്തു വിടാതിരിക്കാനും നിയമമുണ്ടാകണം. തെരുവുനായ്ക്കളുടെ പരിപൂർണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ മൃഗസംരക്ഷണവകുപ്പോ ഏറ്റെടുക്കണം. അവയെ പൊതുജനങ്ങൽക്ക് ഭീഷണിയാകാത്ത വിധം സുരക്ഷിത സ്ഥാനങ്ങളിൽ സംരക്ഷിക്കുകയും തെരുവിൽ നിന്ന് അവയെ നിർമ്മാർജനം ചെയ്യാൻ സത്വരവും സുസ്ഥിരവുമായ നടപടികൾ സ്വീകരിക്കുകയും വേണം. തെരുവുനായ്ക്കൾ പെരുകുന്നത് സംസ്കാരസമ്പന്നതയുടെയും പ്രകൃതിസ്നേഹത്തിന്റെയും പ്രതീകമായി ആഘോഷിക്കുന്നത് ശരിയല്ല.

ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്ത സ്വയംഭരണ സ്ഥാപന ഭരണാധികാരികൾക്കെതിരെ മനുഷ്യാവകാശ കമ്മീഷൻ നടപടിയെടുക്കുകയും പൊതു ജനാഭിപ്രായം രൂപീകരിക്കുകയും വേണം. തെരുവുനായ്ക്കളുടെയും വന്യമൃഗങ്ങളുടെയും ആക്രമണത്തിന് ഇരയായവർക്ക് ചികിത്സാസഹായവും നഷ്ടപരിഹാരവും നല്കാൻ സർക്കാർ തയ്യാറാകണം. കുട്ടികൾക്കും മുതിർന്നവർക്കും കേരളത്തിന്റെ തെരുവുകളിലും പൊതുവഴികളിലും സുരക്ഷിതരായി സഞ്ചരിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ ഭരണാധികാരികൾക്ക് ചുമതലയുണ്ടെന്ന കാര്യം വിസ്മരിക്കരുത്. **(കെ.സി.ബി.സി., 7/9/2015)**

# സാമുദായിക സൗഹാർദ്ദം തകർക്കരുത്

കേരളത്തിൽ നിലനില്ക്കുന്ന മതസാമുദായിക സൗഹാർദ്ദം തകർക്കരുതെന്ന് കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറലായ ഫാ. വർഗീസ് വള്ളിക്കാട്ട് പ്രസ്താവിച്ചു. പി.ഒ.സി.യിൽ വച്ചു ചേർന്ന കേരള കാത്തലിക് ഫെഡറേഷന്റെ അല്മായനേതൃയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വകാര്യ സർവകലാശാല രൂപീകരണവുമായി ബന്ധപ്പെട്ട് കലക്കവെള്ളത്തിൽ മീൻപിടിക്കാനുള്ള ദുഷ്ടലാക്കോടെ പ്രസ്താവനകൾ നടത്തി സമുദായവിദ്വേഷം ജനിപ്പിക്കാനുള്ള തത്പരകക്ഷികളുടെ നീക്കത്തിൽ കേരള കാത്തലിക് ഫെഡറേഷൻ ശക്തിയായ ഉത്കണ്ഠയും അമർഷവും രേഖപ്പെടുത്തി.

നൂറ്റാണ്ടുകളായി വിദ്യാഭ്യാസരംഗത്ത് കാര്യക്ഷമതയോടെ പ്രവർത്തിച്ചു വരുന്ന സമുദായങ്ങൾക്ക് സ്വകാര്യ സർവകലാശാല അനുവദിച്ചു കൊടുക്കുന്നതിൽ യാതൊരു വിവേചനവും സർക്കാർ കാണിക്കേണ്ടതില്ലെന്ന് യോഗം ചൂണ്ടിക്കാട്ടി. ഉന്നത വിദ്യാഭ്യാസരംഗത്തെ കാര്യക്ഷമതയില്ലായ്മയും നിരുത്തരവാദിത്വവുമാണ് സ്വകാര്യ സർവകലാശാലകളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നതെന്ന് യോഗം ചൂണ്ടിക്കാണിച്ചു.

ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിൽ സ്വകാര്യസർവകലാശാലകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ കേരളത്തിൽ മാത്രം ഇത്തരം സർവകലാശാലകൾ അനുവദിച്ചുകൂടായെന്നുള്ള നിലപാട് വിദ്യാർത്ഥി സമൂഹത്തോടും രക്ഷിതാക്കളോടുമുള്ള വെല്ലുവിളിയാണെന്ന് യോഗം അഭിപ്രായപ്പെട്ടു. ഭൂരിപക്ഷസമുദായങ്ങളുടെ ധ്രുവീകരണത്തിലൂടെ സംസ്ഥാനത്ത് ഭൂരിപക്ഷ-ന്യൂനപക്ഷ വിഭാഗീയത വളർത്തുവാനുള്ള ചില സങ്കുചിത സമുദായ നേതാക്കളുടെ നീക്കത്തിൽ കേരള കാത്തലിക് ഫെഡറേഷൻ പ്രതിഷേധിച്ചു.

എല്ലാ മേഖലകളിലും മതസൗഹാർദ്ദം കാത്തുസൂക്ഷിച്ചു പോരുന്ന കേരളീയ സമൂഹത്തിന്റെ സാംസ്കാരികപൈതൃകത്തെ വെല്ലുവിളിക്കുന്ന സമീപനത്തിൽ നിന്നും നേതാക്കൾ പിൻമാറിയില്ലെങ്കിൽ സമീപഭാവിയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് യോഗം മുന്നറിയിപ്പ് നല്കി.

യോഗത്തിൽ പ്രസിഡന്റ് പി.ഐ. ലാസർ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് കോട്ടയിൽ, ജനറൽ സെക്രട്ടറി നെൽസൺ ഫെർണാണ്ടസ്, കെ.എൽ.സി.എ. സംസ്ഥാന പ്രസിഡന്റ് ഷാജി ജോർജ്ജ്, കത്തോലിക്കാ കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റ് വി.വി. അഗസ്റ്റിൻ, എം.സി.എ. പ്രസിഡന്റ് പി.കെ. ജോസഫ്, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. ആന്റണി അമ്പാട്ട്, കെ.സി.സി. സെക്രട്ടറി വി.സി. ജോർജ്ജുകുട്ടി, ഡയറക്ടർമാരായ ഫാ. ജേക്കബ് പാലക്കാപ്പിള്ളി, ഫാ. ജോൺ തുണ്ടിയത്ത്, ഭാരവാഹികളായ മേരിക്കുട്ടി അബ്രാഹം, ദേവസ്സി കൊങ്കാല, ജസ്റ്റിൻ, ബിജു പറയനിലം, തോമസ് ചെറിയാൻ, നെൽസൺ കോച്ചേരി, പ്രൊഫ. ജേക്കബ് എബ്രാഹം, ഷിബു വർഗീസ് എന്നിവർ പ്രസംഗിച്ചു. **(കെ.സി.എഫ്., 03/09/2015)**

# ഐക്യജാഗ്രതാ കമ്മീഷൻ കോഴിക്കോട് മേഖല നേതൃത്വസംഗമം

ഐക്യജാഗ്രതാ കമ്മീഷൻ കോഴിക്കോട് മേഖല നേതൃത്വസംഗമം 21.8.2015 (വെള്ളി) സുൽത്താൻ ബത്തേരി മാർ ഗ്രിഗോറിയോസ് നോളജ് സെന്ററിൽ നടന്നു. കെ.സി.ബി.സി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. സാജു കുത്തോടിപുത്തൻപുര സി.എസ്.റ്റിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ബത്തേരി രൂപതാ മെത്രാൻ റവ.ഡോ. ജോസഫ് മാർ തോമസ് ഉദ്ഘാടനം ചെയ്തു. സാമൂഹ്യവും സാമുദായികവും രാഷ്ട്രീയവുമായ സമകാലീന പ്രശ്നങ്ങളിൽ സഭാമക്കൾ ഒരേ ശബ്ദത്തിൽ പ്രതികരിക്കേണ്ടതിനെക്കുറിച്ചും ഭീകരവാദവും വർഗ്ഗീയതയും ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിച്ച് മുന്നേറാൻ ആവശ്യമായ കരുത്തും കരുതലും ആർജ്ജിക്കേണ്ടതിന്റെ അനിവാര്യതയും വ്യക്തമാക്കിയ ആദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗം ഏറെ പ്രചോദകമായിരുന്നു. ബത്തേരി രൂപത വികാരി ജനറാൾ മോൺ ഡോ. തോമസ് കാഞ്ഞിരമുകളിൽ തന്റെ അനുഗ്രഹ പ്രഭാഷണത്തിൽ സമൂഹത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പഠിക്കുവാനും യഥാസമയം ബന്ധപ്പെട്ടവരെ അറിയിക്കുവാനും, അവയോടു ക്രിയാത്മകമായി പ്രതികരിക്കുവാനും ശക്തമായ ഒരു സംവിധാനത്തിന്റെ ആവശ്യകത വ്യക്തമാക്കി. ശ്രീ.തോമസ് ഏറണാട്ട് വിഷയാവതരണം നടത്തി. കത്തോലിക്കകുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളും അപചയങ്ങളും, ക്രൈസ്തവസമൂഹവും പൊതുസമൂഹവും നേരിടുന്ന വെല്ലുവിളികളും ഇവയ്ക്കെല്ലാം ഒരു ഹെൽപ് ഡെസ്ക് ആയി



ജാഗ്രതാ സമിതികൾ വർത്തിക്കേണ്ടതിനെ സംബന്ധിച്ചും വിശദമായി പ്രതിപാദിച്ചു. തുടർന്ന് ചർച്ചകളും തീരുമാനങ്ങളും ഉണ്ടായി. സോണൽ സെക്രട്ടറിയായി നിശ്ചയിച്ച ശ്രീ. തോമസ് ഏറണാട്ടും യോഗത്തിൽ നന്ദി രേഖപ്പെടുത്തി. ഐക്യജാഗ്രതാ കമ്മീഷൻ കോഴിക്കോട് മേഖല ഡയറക്ടർ ഫാ. ടോണി കൊഴിമണ്ണിൽ സ്വാഗതവും ഫാ. ബാബു മാപ്ലശ്ശേരിയും സോണൽ സെക്രട്ടറിയായി നിശ്ചയിച്ച ശ്രീ. തോമസ് ഏറണാട്ടും യോഗത്തിൽ നന്ദി രേഖപ്പെടുത്തി.

# നാം ജാഗ്രതയുള്ളവരായിരിക്കേണ്ട ഇടങ്ങൾ

**ഐക്യജാഗ്രതകമ്മീഷന്റെ കോഴിക്കോട് മേഖല നേതൃത്വ സംഗമത്തിൽ ശ്രീ. തോമസ് ഏറണാട്ട് നടത്തിയ വിഷയാവതരണത്തിന്റെ സംക്ഷിപ്തം.**

സഭാജീവിതത്തിന്റെ അടിസ്ഥാന ഘടകം കുടുംബമാണ്. കുടുംബജീവിതത്തിന്റെ പവിത്രതയും, കെട്ടുറപ്പും എന്നും സഭയുടെ ചിന്താവിഷയം ആയിരുന്നു. ആധുനിക സമൂഹം നേരിടുന്ന വെല്ലുവിളി കുടുംബജീവിതത്തിന്റെ തലങ്ങളിൽ നമുക്ക് ഉണ്ടായിരുന്ന ശക്തി ഇല്ലാതാകുന്നുവെന്നതാണ്. മാതാപിതാക്കളുടെ ഉത്തരവാദിത്വം ഈ തലത്തിൽ വളരെ കൂടുതൽ ആവശ്യമായിരിക്കുന്നു. കുടുംബത്തിൽ ശരിയായ പരിശീലനം നടക്കുന്നില്ല. ആഡംബരവും, അനുകരണങ്ങളും, ധൂർത്തും കൂടി വരുന്നു. പരസ്പരമുള്ള ശ്രദ്ധ കുറയുന്നതു മൂലം അശ്രദ്ധകളുടെ മേഖലകൾ വർദ്ധിക്കുന്നു. പരസ്പര സംസാരങ്ങൾ, പങ്കുവെയ്ക്കലുകൾ എന്നിവ കുറയുകയും സ്വാർത്ഥം വളരുകയും ചെയ്യുന്നു. വിവാഹ മോചനങ്ങൾ തുടർക്കഥകൾ ആവുകയും, ചെറിയ കാര്യങ്ങളിൽ പോലും സഹിഷ്ണുത നഷ്ടപ്പെടുകയും ചെയ്തു. കുടുംബത്തിലെ പ്രാർത്ഥനയും ആത്മീയതയും കുറഞ്ഞു വരുന്നു. കുടുംബകേന്ദ്രീകൃതമായ ഒരു ഇടവകഭരണമാണ് ഇന്ന് ആവശ്യം. വീടുസന്ദർശനങ്ങൾ നമ്മുടെ വൈദികരുടെ ഇടയിലേക്ക് തിരിച്ചു വരണം. മിശ്രവിവാഹത്തിന്റെ കാര്യത്തിൽ ജാഗ്രത ആവശ്യമാണ്. വേണ്ടത്ര അന്വേഷണങ്ങൾ ഇല്ലാതെ നടക്കുന്ന വിവാഹങ്ങൾ കുറയണം. കുട്ടികളുടെ ഇടയിൽ രൂപപ്പെടുന്ന പുതിയ പ്രവണതകളെയും, ചിന്തകളെയും ജാഗ്രതയോടെ വീക്ഷിക്കേണ്ടതാണ്. ചില കോടതിവിധികളും പരാമർശങ്ങളും നമ്മുടെ ജീവിത രീതിയിൽ വിള്ളലുകൾ വീഴ്ത്തുവാൻ ഇടയാക്കുന്നുണ്ട്. സ്വഭാവരൂപീകരണം, മൂല്യബോധം എന്നിവ വളർന്നു വരണം. ഉപദേശങ്ങളെക്കാൾ മാതൃകകൾ നല്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വിവാഹത്തിന് ഒരുക്കമായുള്ള പ്രോഗ്രാമുകൾ കാലികമായി മാറേണ്ടിയിരിക്കുന്നു. സമൂഹത്തിൽ പൊതുവായി രൂപപ്പെടുന്ന പ്രശ്നങ്ങളെ പ്രാദേശികമായും വിഭാഗീയമായും, ഒറ്റപ്പെട്ടതായും കാണുന്ന രീതിയിൽ നിന്ന് മാറി, പൊതുവായി കണ്ട് ഇടപെടണം. സഭ ഇന്ന് നല്ല നേതൃത്വത്തിന്റെ ദാരിദ്ര്യം അനുഭവിക്കുന്നുണ്ട്. വ്യക്തി താത്പര്യങ്ങളും മേൽകൈക്കായുള്ള താത്പര്യങ്ങളും രഹസ്യ മത്സരങ്ങളും ഉപേക്ഷിക്കേണ്ടതാണ്. സഭയിലുള്ള, നല്ല റിസോഴ്സുകളെ പ്രയോജനപ്പെടുത്തുവാൻ പരിശ്രമിക്കണം. വിദ്യാഭ്യാസ മേഖലയിലെ തകർച്ച വളരെ വ്യാപകമായ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന ബോധം വളർത്തുക. ഈ മേഖലകളുടെ തകർച്ച വളരെ ആസൂത്രിതമായി നടത്തുന്ന ഒന്നാണ് എന്ന് തിരിച്ചറിയുക. സാമ്പത്തിക മേഖലയിൽ ഉണ്ടായിരിക്കുന്ന വ്യത്യാസങ്ങളെ ജാഗ്രതയോടെ നിരീക്ഷിക്കേണ്ടതാണ്.

ഇന്ന് ഉയർന്നുവരുന്ന പല വെല്ലുവിളികളോടും പ്രശ്നങ്ങളോടും നാം നിസ്സംഗത പുലർത്തിയാൽ ഭാവിയിൽ നമുക്ക് അത് അപകടകരമായിരിക്കും. അതിനാൽ സമൂഹത്തിന്റെ വളർച്ചയിലും, പുരോഗതിയിലും പങ്കാളിയാകുമ്പോഴും ഒരു കണ്ണ് അതിന്റെ മറയ്ക്കപ്പെടുന്ന അജണ്ടകളുടെ നേരെ തുറന്നിരിക്കണം.

# സഭാകോടതി വിധികളെ അംഗീകരിക്കാനാവില്ലെന്ന കേന്ദ്രസർക്കാർ നിലപാട് വിവേചനാപരം

കത്തോലിക്കരുടെ വ്യക്തിനിയമമായ കാനോനിക നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സഭാ കോടതിയുടെ വിധികളെ അംഗീകരിക്കാനാവില്ലെന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് വിവേചനപരമാണെന്നു സീറോ മലബാർ മേജർ ആർക്കി എപ്പിസകോപ്പൽ ട്രൈബ്യൂണൽ പ്രസിഡന്റ് റവ.ഡോ. ജോസ് ചിറമേൽ.

ക്രിസ്ത്യൻ വ്യക്തിനിയമപ്രകാരം നടത്തുന്ന വിവാഹങ്ങൾ സാധുവായി അംഗീകരിക്കുന്നതുപോലെ ഇതേ വ്യക്തി നിയമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമായി വിലയിരുത്തി വിവാഹം അസാധുവാണെന്നു പ്രഖ്യാപിക്കുന്ന സഭാകോടതി വിധിയും സിവിൽ കോടതികൾ അംഗീകരിക്കേണ്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വിവാഹസംബന്ധമായ തർക്കങ്ങൾ വ്യക്തിനിയമത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാൻ നിയമാനുസൃതം സ്ഥാപിക്കപ്പെട്ടിട്ടുള്ള സഭാ കോടതികളുണ്ട്. സുതാര്യവും വ്യക്തവുമായ നടപടിക്രമം പാലിച്ചും സ്വാഭാവിക നീതി ഉറപ്പാക്കിയും വിവാഹ കേസുമായി ബന്ധപ്പെട്ട എല്ലാ കക്ഷികളെയും സാക്ഷികളെയും അറിയിച്ചും തെളിവുകൾ ശേഖരിച്ചും വസ്തുനിഷ്ഠമായി പരിശോധിച്ചും ശാസ്ത്രീയമായ രീതിയിലാണു സഭാ കോടതികൾ വിവാഹ സംബന്ധമായ കേസുകളിൽ വിധി പ്രസ്താവിക്കുന്നത്. വിധിന്യായത്തിൽ കേസിന് ആസ്പദമായ വസ്തുതകളെ സംക്ഷിപ്ത വിവരണവും നിയമവശങ്ങളും വസ്തുതകളെ നിയമത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി കിട്ടുന്ന തെളിവുകളും ചൂണ്ടിക്കാട്ടി സമർപ്പിച്ചശേഷം സംശയാതീതമായാണു വിവാഹത്തിന്റെ സാധ്യത സംബന്ധിച്ച് വിധി പറയുന്നത്. ഇത്തരത്തിൽ തികഞ്ഞ അവധാനതയോടെ വിവാഹ കേസുകളിൽ സഭാ കോടതികൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ സിവിൽ നിയമങ്ങളും സിവിൽ കോടതികളും അംഗീകരിക്കേണ്ടതാണ്. മുസ്ലീം വ്യക്തിനിയമമനുസരിച്ച് മൂന്നു തവണ തലാഖ് ചൊല്ലി വിവാഹ ബന്ധം വേർപെടുത്തുന്നതു സിവിൽ നിയമം അംഗീകരിക്കുന്നുണ്ട്. കത്തോലിക്കരുടെ വ്യക്തിനിയമം അനുസരിച്ച് വിവാഹം അസാധുവായി പ്രഖ്യാപിക്കുന്ന സഭാകോടതി വിധി അംഗീകരിക്കാത്തത് തികച്ചും വിവേചനാപരമാണ്. ഇതിനെ ചോദ്യം ചെയ്ത് സുപ്രീം കോടതിയിൽ ഹർജി വന്നപ്പോൾ കേന്ദ്ര സർക്കാർ അതിനെ എതിർത്തത് അനുചിതമാണെന്നും റവ. ഡോ. ചിറമേൽ ചൂണ്ടിക്കാട്ടി. **(ദീപിക 28/8/2015)**

## അക്ഷരങ്ങളിലെ മെഴുകുതിരിവെട്ടം

**വിവിധ ഭാഷാഗവേഷണ മേഖലയിൽ വിശ്രമമില്ലാതെ സംവദിച്ചു കൊണ്ടിരിക്കുന്ന ഏകാന്തപഥികനായ ഒരു വൈദികന്റെ അക്ഷരജീവിതം**



ഭാഷാപഠനത്തിന്റെയും ചരിത്രഗവേഷണത്തിന്റെയും ലോകത്ത് ഒരു പുരുഷായുസ്സു പിന്നിടുകയാണ് കുരുക്കുറച്ചൻ എന്ന റവ. ഡോ. ജോർജ് കുരുക്കൂർ. ജർമ്മൻ, ഫ്രഞ്ച്, പോർച്ചുഗീസ്, ഇംഗ്ലീഷ്, ലാറ്റിൻ സംസ്കൃതം, സുറിയാനി, തമിഴ് തുടങ്ങി ഇരുപതിൽപ്പരം ഭാഷകൾ ഇദ്ദേഹത്തിന് കൈവെള്ളയിലെ രേഖകൾ പോലെ ഹൃദിസ്ഥം. തിരക്കേറിയ വൈദിക ജീവിതത്തിനിടെ മലയാള ഭാഷയിൽ ബിരുദാനന്തരബിരുദവും, ഡോക്ടറേറ്റും നേടിയ ഇദ്ദേഹം ഈ വിഷയങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന ആദ്യത്തെ വൈദികനാണ്. സുറിയാനി ക്രൈസ്തവരുടെ പ്രാചീനലിഖിതങ്ങൾക്കൊപ്പം വട്ടെഴുത്ത്, കോലെഴുത്ത്, പാലി, ബ്രഹ്മി തുടങ്ങിയവയിൽ അവഗ്രാഹം നേടുകയും ചരിത്രം, മതം, സാമൂഹ്യനീതി എന്നിവയെ അധികരിച്ച് നൂറോളം പ്രാമാണിക ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. ബൈബിൾ അടക്കം അൻപതോളം പുസ്തകങ്ങൾ എഡിറ്റുചെയ്തു. തമിഴ്, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ നൂറുകണക്കിന് ലേഖനങ്ങൾ.... ഹീബ്രു, ലാറ്റിൻ, പോർച്ചുഗീസ്, തമിഴ് തുടങ്ങി 30 ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ബൈബിളുകളുടെ അമൂല്യശേഖരത്തിന്റെ ഉടമ. കൂടാതെ വട്ടെഴുത്തുലിപിയിൽ (60)ൽ പുറത്തിറക്കിയ വേദപാഠപുസ്തകങ്ങൾ, ആര്യ എഴുത്തിലുള്ള കുർബാനയുടെ തർജ്ജമ (81)ൽ പ്രസിദ്ധീകരിച്ച ഫിലിപ്പോസ്റമ്പാന്റെയും ഹെർമൻഗുണ്ടർട്ടിന്റെയും രചനകളുടെ ആദ്യപ്രതികൾ വിവിധ ഭാഷകളിലുള്ള അൻപതോളം ഡിക്ഷനറികൾ, 22 ഭാഷകളിലെ വ്യാകരണഗ്രന്ഥങ്ങൾ, ആയിരത്തോളം ചരിത്രപുസ്തകങ്ങൾ, നൂറിലേറെ ക്ലാസിക്കൽ കൃതികൾ, തന്റെ ആയുഷ്കാല സമ്പാദ്യമായ ഈ 12000ൽപരം പുസ്തകങ്ങളുമായി നിരന്തരം സംവദിച്ചുകൊണ്ട് അറിവടങ്ങാത്ത മനസോടെ തപസിരിക്കുകയാണ് അദ്ദേഹം.

കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി കത്തോലിക്കാസഭയുടെ ആസ്ഥാനമായ പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ (പി.ഒ.സി) പബ്ലിക്കേഷൻസിന്റെ എഡിറ്ററായി പ്രവർത്തിക്കുന്ന കുരുക്കൂറച്ചന്, എഴുത്തും വായനയുമില്ലാത്ത ഒരു നിമിഷം പോലുമില്ല. പി.എച്ച്.ഡി.ക്കാരുടെയും ചരിത്രഗവേഷകരുടെയും ഒഴിച്ചു കൂടാനാവാത്ത പിൻബലമാണ് എഴുപത്തിഅഞ്ചു കടക്കുന്ന കുരുക്കൂറച്ചൻ. **(പ്രേംജിത്ത് കായംകുളം, കേരളകൗമുദി 16/8/2015)**

## സ്വീകരിക്കണം നാം അവരെ - ഫ്രാൻസസ് പാപ്പാ

ലോകം അതിരൂക്ഷമായ അഭയാർഥിപ്രശ്നത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, യൂറോപ്പിലെ ഓരോ കത്തോലിക്കാ ഇടവകകളും ഓരോ അഭയാർഥി കുടുംബത്തെയെങ്കിലും ഏറ്റെടുക്കാൻ തയ്യാറാവാണമെന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. വത്തിക്കാനിലെ രണ്ട് ഇടവകകൾ ഓരോ കുടുംബങ്ങളെ വീതം സ്വീകരിച്ചുകൊണ്ട് ഇതിന് മാതൃക കാട്ടുമെന്നും സെന്റ്പീറ്റേഴ്സ് ചത്വരത്തിൽ വിശ്വാസികളോടുള്ള പ്രഭാഷണത്തിനിടെ അദ്ദേഹം പറഞ്ഞു. ഇടവകകളും സന്ന്യാസമഠങ്ങളുമെല്ലാം തന്റെ ആഹ്വാനം ഏറ്റെടുക്കുമെന്ന്, പ്രതീക്ഷിക്കുന്നതായും ഇതിലൂടെ അഭയാർഥിപ്രശ്നത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ കഴിയുമെന്നും മാർപാപ്പ പറഞ്ഞു. അഭയാർഥിപ്രശ്നവും ദാരിദ്ര്യവുമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ കാതൽ. **(മാതൃഭൂമി 7/9/2015)**

## കരുണയുടെ വർഷത്തിൽ പൂർണ ദണ്ഡവിമോചനം

ദൈവകാരുണ്യ വർഷത്തിൽ ഈശോയുടെ അനുഗ്രഹം ലഭിക്കാത്ത ഒരു വിശ്വാസി പോലുമുണ്ടാകരുതെന്നു കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പാ. ഈശോയുടെ കരുണയുടെ കരസ്പർശം അനുഭവിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. പാപികളെ തേടിയെത്തിയ ഈശോയുടെ അനുകമ്പയുടെ തലോടൽ സഭമക്കൾക്കെല്ലാവർക്കും ലഭ്യമാക്കുന്നതിന്, ഇതുവരെ ബിഷപ്പുമാർക്കു മാത്രമായി നൽകപ്പെട്ടിരുന്ന പ്രത്യേക പാപമോചന അധികാരം വൈദികർക്കുകൂടി മാർപാപ്പ നല്കി.

പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന ഈശോയുടെ ശുശ്രൂഷയ്ക്കുള്ള അധികാരം കൈയാളുന്ന വൈദികനു ഡിസംബർ എട്ടിന് ആരംഭിക്കുന്ന വിശുദ്ധ വർഷത്തിൽ ഗർഭച്ഛിദ്രപാപത്തിന് കുമ്പസാര കൂദാശയിലൂടെ പാപമോചനം നൽകുന്നതിന് അധികാരമുണ്ടായിരിക്കുമെന്നു മാർപാപ്പാ അറിയിച്ചു. **(ദീപിക 3/9/2015)**

## സിറിയയിൽ പുരാതന മൊണാസ്ട്രി ഐ.എസ് തകർത്തു

സിറിയയിലെ പുരാതന ക്രൈസതവ സന്യാസിമഠം ഐ.എസ് ഭീകരർ തകർത്തു ഖര്യാതെയ്ൻ പട്ടണത്തിലെ സെന്റ് ഏലിയൻ മൊണാസ്ട്രിയാണ് തകർക്കപ്പെട്ടത്. ഇതിനുള്ളിലെ പള്ളിയും തകർത്തതായി ഒരു ക്രൈസ്തവ പുരോഹിതനെ ഉദ്ധരിച്ച് എം.പി വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. ആഴ്ചകൾക്കുമുമ്പാണ് ഈ പട്ടണം ഐഎസ് പിടിച്ചടക്കിയത്.

ക്രിസ്തുവർഷാരംഭത്തിലുള്ള പള്ളിയും സ്മാരകങ്ങളുമാണ് തകർക്കപ്പെട്ടതെന്ന് സിറിയൻ ഒബ്സർവേറ്ററി ഫോർ ഹ്യൂമൻറൈറ്റ്സ് അറിയിച്ചു. ഇറാഖിലെയും സിറിയയിലെയും നിരവധി മേഖലകൾ പിടിച്ചടക്കിയ ഐ.എസ് ഭീകരർ ഇവിടങ്ങളിലെ പൗരാണിക സ്മരകങ്ങളും അമൂല്യമായ പുരാവസ്തുശേഖരവും ആരാധനലയങ്ങളും തകർത്തുകൊണ്ടിരിക്കുകയാണ്. **(ദേശാഭിമാനി 22/8/2015)**

## കെ.സി.ബി.സി. മീഡിയാകമ്മീഷൻ സംഘടിപ്പിക്കുന്ന 28-ാമത് അഖില കേരള പ്രൊഫഷണൽ നാടകമത്സരം സെപ്റ്റംബർ 17 മുതൽ

കൊച്ചി : കേരളാകത്തോലിക്കാമെത്രാൻസമിതിയുടെ മാധ്യമകമ്മീഷൻ സംഘടിപ്പിക്കുന്നീ **28-ാമത് അഖിലകേരള സാമൂഹികസംഗീത നാടകമത്സരം സെപ്റ്റംബർ 17-മുതൽ 27-വരെയുള്ള ദിവസങ്ങളിൽ പാലാരിവട്ടം പി.ഒ.സി. ഓഡിറ്റോറിയത്തിൽ നടത്തപ്പെടും.** ധാർമ്മികമൂല്യങ്ങളും ഉദാത്തമായ ആശയങ്ങളും പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന ഈ മത്സരത്തിലേക്ക് 11 നാടകങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. പാലാരിവട്ടം പി.ഒ.സി.യിൽ, എല്ലാ ദിവസവും **വൈകിട്ട് 6.00-ന്** നാടകം ആരംഭിക്കും.

## വിവാഹം അസാധുവായി പ്രഖ്യാപിക്കുന്ന നടപടിക്രമം ലഘൂകരിച്ചു

കത്തോലിക്കാസഭയിൽ വിവാഹം അസാധുവായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. ഇതുസംബന്ധിച്ചു പൗരസ്ത്യ- പാശ്ചാത്യ കാനൻ നിയമങ്ങളിൽ മാറ്റം വരുത്തുന്ന ഉത്തരവുകൾ ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ചു. വിവാഹം അസാധുവായി പ്രഖ്യാപിക്കുന്നതിനു ഇനിമുതൽ രൂപതക്കോടതിയുടെ വിധി മാത്രം മതി എന്നതാണു പ്രധാന മാറ്റം. ഇതുവരെ രൂപതക്കോടതിയുടെ തീർപ്പിനുശേഷം ഉപരി കോടതി അംഗീകരിച്ചാലേ പുനർവിവാഹത്തിന് അനുമതി ഉണ്ടായിരുന്നുള്ളൂ.

രൂപതക്കോടതിയിലെ തീരുമാനം വിവാഹം അസാധുവാണെന്നാണെങ്കിൽ കക്ഷികൾക്കു വേറെ വിവാഹത്തിൽ ഏർപ്പെടാം. രൂപതയുടെ മെത്രാന്റെ പദവി സംബന്ധിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനങ്ങളുടെ വെളിച്ചത്തിൽ കൂടിയാണ് ഈ മാറ്റം എന്നു മാർപാപ്പയുടെ ഉത്തരവുകളിൽ പറയുന്നു. രൂപതക്കോടതി തീരുമാനത്തിനെതിരേ അതിരൂപതയിലും വത്തിക്കാനിലും അപ്പീലിനുള്ള അവസരങ്ങൾ ഉണ്ടായിരിക്കുമെന്നും ഉത്തരവുകളിൽ പറയുന്നു.

വിവാഹനിയമങ്ങൾ സംബന്ധിച്ചു പഠിക്കാൻ കഴിഞ്ഞവർഷം ഒരു കമ്മീഷനെ മാർപാപ്പ നിയോഗിച്ചിരുന്നു. മോൺസിഞ്ഞോർ പിയോ വിതോ പിന്റോ ആയിരുന്നു കമ്മീഷൻ അധ്യക്ഷൻ. സഭാ ചരിത്രത്തിൽ വിവാഹം അസാധുവാക്കൽ നടപടിക്രമങ്ങളിൽ ഇതു മൂന്നാംവട്ടമാണു മാറ്റം വരുത്തുന്നത്. 1741ലും 1908ലുമായിരുന്നു മുൻപ് മാറ്റങ്ങൾ വരുത്തിയത്.

ലാറ്റിൻ കാനൻ നിയമത്തിൽ മാറ്റം വരുത്തുന്ന ഉത്തരവ് മീറ്റിസ് യൂഡെക്സ് ദൊമീനൂസ് യേസൂസ് (കർത്താവായ ഈശോ, ദയാലുവായ വിധിയാളൻ) എന്നും പൗരസ്ത്യ കാനൻ നിയമത്തിൽ മാറ്റം വരുത്തുന്ന ഉത്തരവ് മീറ്റിസ് എത് മിസെരികോർസ് യേസൂസ് (കരുണാമയനും ക്ഷമാപൂർണനുമായ ഈശോ) എന്നുമുള്ള ശീർഷകത്തിലാണു പുറത്തിറക്കിയത്. ഡിസംബർ എട്ടിന് ഇവ പ്രാബല്യത്തിലാകും. **(ദീപിക 9/9/2015)**

## സെപ്റ്റംബർ ഒന്ന് പ്രപഞ്ച സംരക്ഷണത്തിനുള്ള പ്രാർത്ഥനാദിനം

പ്രപഞ്ചസംരക്ഷണം ഈശ്വരവിശ്വാസം പോലെതന്നെ പ്രസക്തമാണെന്നും സഭയും സമൂഹവും ഒറ്റക്കെട്ടായി നിന്ന് ഈ പ്രപഞ്ചത്തെ സംരക്ഷിക്കാൻ മുന്നിട്ടിറങ്ങണമെന്നും ഹമൗറമഭീ ശെ എന്ന ലേഖനത്തിലൂടെ ആഹ്വാനം ചെയ്ത ഫ്രാൻസിസ് പാപ്പാ, സൃഷ്ടിയുടെ പരിരക്ഷണത്തിനുള്ള പ്രാർത്ഥനാദിനവും പ്രഖ്യാപിക്കുകയുണ്ടായി. ഇനിമുതൽ സെപ്ററംബർ 1-ാം തീയതി സഭാസമൂഹം മുഴുവനും സൃഷ്ടിപ്രപഞ്ചത്തിനുവേണ്ടിയുള്ള പ്രാർത്ഥനാദിനമായി ആചരിക്കാണമെന്നുള്ള നിർദ്ദേശം ക്രൈസ്തവ സഭാസമൂഹങ്ങൾ വളരെ തുറവോടുകൂടിയാണ് സ്വീകരിച്ചത്.

## കാക്കനാട് മ്യൂസിയത്തിൽ കുരിശുകളുടെ അപൂർവശേഖരം തുറന്നു

കുരിശുകളുടെ അപൂർവശേഖമൊരുക്കി കാക്കനാട് മൗണ്ട് സെന്റ് തോമസിലെ ചരിത്രമ്യൂസിയം ശ്രദ്ധ നേടുന്നു. എണ്ണൂറോളം വിവിധയിനം കുരിശുകളുടെ അപൂർവ ശേഖരമാണ് സെന്റ് തോമസ് മ്യൂസിയത്തിൽ പുതുതായി ഒരുക്കിയിട്ടുള്ളത്. **(ദീപിക 1/9/2015)**

സാമൂഹികം

## ആഘോഷങ്ങൾ എങ്ങനെ ഇങ്ങനെയായി?

പ്രായപൂർത്തിയായ ആൺകുട്ടികൾക്ക് മദ്യപാനത്തിന്റെ വരുംവരായ്കകൾ പറഞ്ഞു കൊടുക്കേണ്ട കാര്യമില്ല. പക്ഷേ രണ്ടുപേർ കണ്ടുമുട്ടുമ്പോൾ ലഹരിവേണമെന്ന ശാഠ്യം വർധിച്ചുവരികയാണിന്ന്. ഈ ശാഠ്യം മനസിനെ കീഴ്പ്പെടുത്തുന്നതുകൊണ്ട് ഒരു വീണ്ടുവിചാരം സംഭവിക്കാനിടയില്ല. കോളേജ് കാമ്പസിലെ കുസൃതികളും വികൃതികളുമൊക്കെ ഏറെ ആസ്വദിച്ചവരും ആസ്വദിക്കുന്നവരുമാണ് നാമൊക്കെ. അതൊക്കെ അസുഖകരമായ അന്തരീക്ഷം ഉണ്ടാക്കാനായിട്ടായിരുന്നില്ല നടന്നതും നടക്കേണ്ടതും.

എല്ലാത്തിലും ലഹരിവേണമെന്ന ത്വര മനുഷ്യമനസ്സിനെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് ഒരു നിമിഷമെങ്കിലും ചിന്തിക്കേണ്ടെ? സ്നേഹം, സൗഹൃദം, നിർമ്മലത എന്നൊക്കെയുള്ള ആർദ്രഭാവങ്ങൾ എങ്ങോട്ടോ പോയ്മറയുന്നു. മദ്യത്തിന്റെയും ലഹരി മരുന്നുകളുടെയും പിൻബലത്തിൽ ഏറ്റവുമധികം ആക്രമിക്കപ്പെടുന്നത് സ്ത്രീകളാണ്. ഏറ്റവും മലീമസമായ സാമൂഹികാന്തരീക്ഷമാണ് ഇത്തരം ലഹരികൾ സൃഷ്ടിക്കുന്നത്. **(ഗീതാ നസീർ, ജനയുഗം 23/8/2015)**

## കേരളത്തിൽ സാമുദായിക ധ്രുവീകരണത്തിന് ശ്രമം

കേരളത്തിൽ സാമുദായിക ധ്രുവീകരണത്തിനുള്ള സംഘടിതശ്രമങ്ങൾ നടക്കുന്നു. താക്കോൽ സ്ഥാനത്തുള്ളവർ സാമൂഹിക സാമുദായിക നീതി ഉറപ്പുവരുത്തി അതിന് തടയിടണം. കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ് ഇത്തരം നീക്കങ്ങൾ നടക്കുന്നത്. നാട്ടിൽ ധ്രുവീകരണങ്ങളും ചേരിതിരിവുകളുമുണ്ടാക്കി രാഷ്ട്രീയലാഭം കൊയ്യാനുള്ള ശ്രമങ്ങൾ വർധിക്കുന്നുണ്ട്. ഉത്തരേന്ത്യയിൽനിന്ന് വ്യത്യസ്തമായ സാമൂഹ്യാന്തരീക്ഷമാണ് ഇവിടെയുള്ളത്. ഇവിടെയുള്ള ഐക്യാന്തരീക്ഷം ഇല്ലാതാക്കി ചേരിതിരിവുകൾ ആളിക്കത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത് വളരാതിരിക്കാനും ഇല്ലാതാക്കാനു ഉള്ള ശ്രമങ്ങൾ വേണം. എല്ലാ രംഗങ്ങളിലും സാമൂഹ്യ സാമുദായികനീതി നിലനിർത്തി, ജനങ്ങളെ തമ്മിലടിപ്പിക്കാനുള്ള ശ്രമങ്ങളെ പരാജയപ്പെടുത്തണം. സാമൂഹ്യനീതിയുടെ കാര്യത്തിൽ പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കണം. കേരളത്തിന്റെ ഇന്നത്തെ അവസ്ഥ നോക്കുമ്പോൾ അപകടം കാണുന്നുണ്ട്. ഇക്കാര്യങ്ങൾ കൂടുതൽ വ്യക്തമായി പറയുന്നില്ല. കേൾക്കുന്നവർക്ക് എല്ലാം മനസ്സിലാകും. **(എ. കെ. ആന്റണി മാതൃഭൂമി 23/8/2015)**

## കാനേഷുമാരി എന്ന ആയുധം

ജനസംഖ്യാ കണക്കെടുപ്പിന്റെ ലക്ഷ്യമെന്താണ്? ഒരു രാജ്യത്തെ ജനങ്ങൾ ഏതൊക്കെ മതവിഭാഗങ്ങളിൽപ്പെടുന്നവരാണ് എന്ന് തിരിച്ചറിയലാണോ? ഓരോ മതവിഭാഗത്തിൽപ്പെട്ടവരും ഓരോ ദശകത്തിലും എത്രകണ്ട് വർധിച്ചു/കുറഞ്ഞു എന്ന് കണക്കെടുക്കലാണോ? 2011ൽ പൂർത്തിയായ ജനസംഖ്യാ കണക്കെടുപ്പിന്റെ വിവരങ്ങൾ ഘട്ടം ഘട്ടമായി പുറത്തുവിടുകയാണ് കേന്ദ്രസർക്കാർ. 121 കോടി യാളുകളെക്കുറിച്ചുള്ള വിവരങ്ങൾ വേർതിരിച്ച് പ്രസിദ്ധം ചെയ്യുന്നതിന് ഏറെ സമയമെടുക്കുന്നു വെന്നതിനാലാണ് 2011ൽ പൂർത്തിയായ കാനേഷുമാരിയുടെ കണക്കുകൾ നാല് വർഷത്തിന് ശേഷം പുറത്തുവിടുന്നത് എന്നാണ് ഔദ്യോഗിക വിശദീകരണം സാമൂഹിക - സാമ്പത്തിക ഘടകങ്ങളെ കേന്ദ്രീകരിച്ചുള്ള കണക്കുകളാണ് ആദ്യം പുറത്തുവിട്ടത്. മതത്തെ അധികരിച്ചുള്ളത് ഇപ്പോൾ പുറത്തുവിട്ടിരിക്കുന്നു. 2011ലെ കാനേഷുമാരിക്ക്, മുമ്പ് നടന്നവയെ അപേക്ഷിച്ചുണ്ടായിരുന്ന പ്രത്യേകത സ്വാതന്ത്ര്യത്തിന് ശേഷം ആദ്യമായി ജാതി അടിസ്ഥാനത്തിലുള്ള കണക്ക് കൂടി ശേഖരിച്ചുവെന്നതായിരുന്നു. ജാതി തിരിച്ചുള്ള കണക്ക് ഇപ്പോഴും പുറത്തു വന്നിട്ടില്ല. വിവരങ്ങളുടെ വ്യാപ്തി മൂലം സംസ്കരിച്ചെടുക്കാൻ പ്രയാസമെന്നാണ് ഔദ്യേഗിക വിശദീകരണം.

കണക്കുകളെ ശരിയാം വിധം വിശദീകരിക്കപ്പെടുന്നത് തടയുക എന്ന ഉദ്ദേശ്യത്തോടെയാണ് മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ വാർത്താക്കുറിപ്പായി മാത്രം പുറത്തുവിട്ടാൽ മതിയെന്ന് നിശ്ചയിച്ചത്. സാധാരണ നിലയ്ക്ക് കണക്കുകൾ അവതരിപ്പിച്ച് സെൻസസ് ഉദ്യോഗസ്ഥർ വാർത്താ സമ്മേളനം നടത്തുകയും മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്യാറുണ്ട്. ന്യൂനപക്ഷങ്ങളുടെ ജനസംഖ്യ വലിയ തോതിൽ വർധിച്ചുവരികയാണോ എന്നൊരു ചോദ്യമുയർന്നാൽ വസ്തുതകളെ ആധാരമാക്കി അങ്ങനെയല്ലെന്ന് പറയാനേ ഉദ്യോഗസ്ഥർക്ക് സാധിക്കുമായിരുന്നുള്ളൂ. അതിന് അവസരമൊരുക്കാതിരുന്ന മോദി സർക്കാർ സംഘപരിവാരത്തിന് സ്വന്തം പ്രചരണം ആരംഭിക്കാൻ അവസരം തുറന്നുവിടുകയാണ് ചെയ്തത്. **(രാജീവ് ശങ്കരൻ, സിറാജ് 31/8/2015)**

# വിദ്യാഭ്യാസരംഗത്ത് സർക്കാരിന്റെ കുറ്റകരമായ അനാസ്ഥ

## ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്

**വി**ദ്യാഭ്യാസരംഗത്ത് സർക്കാർ ചെയ്യുന്നതു കുററകരമായ അനാസ്ഥയാണെന്നു കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. അധ്യാപക ദിനത്തോട നുബന്ധിച്ചു കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സെന്റ് തോമസ് മെഡ്‌ലിക്കോട്ട് ഹാളിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഏറെനാളായി കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് അസ്വസ്ഥതകളാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തു തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാരും അനാസ്ഥകാട്ടുന്നു. പ്രശ്ന പരിഹാരത്തിനു സർക്കാർ നിരവധി ഉത്തരവുകൾ ഇറക്കിയെങ്കിലും പലതും ഭരണഘടനാനു സൃതമോ കേന്ദ്രനിയമങ്ങളുമായി പൊരുത്തപ്പെടുന്നതോ ആയിരുന്നില്ല. അതുകൊണ്ടു തന്നെയാണ് അവ കോടതികളിൽ ചോദ്യംചെയ്യപ്പെട്ടതും അകാല ചരമമടഞ്ഞതും. ഉത്തരവ് ഇറക്കുന്നതിൽ രാഷ്ട്രീയ നേതൃത്വം കുറച്ചുകൂടി യാഥാർത്ഥ്യ ബോധവും പ്രായോഗികതയും ആത്മാർഥമായ സമീപനവും സ്വീകരിക്കണം. ഇത്തരം ഉത്തരവുകൾ ഇറക്കുന്ന ഉദ്യോഗ സ്ഥവൃന്ദത്തെ നിലയ്ക്കുനിർത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഭരണനേതൃത്വത്തിനു കൈമോശം വന്നിരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടികാട്ടി.

ആരാണു വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്യുന്നത് എന്നതല്ല. എപ്രകാരം കൈകാര്യം ചെയ്യുന്നു എന്നതാണു പ്രധാനം. വിദ്യാഭ്യാസരംഗത്തു നിസ്തുല സേവനം ചെയ്തിട്ടുള്ള വിഭാഗങ്ങളെ അവഗണിക്കുന്ന തരത്തിലുള്ള നീക്കങ്ങൾ നടക്കുന്നില്ലെയെന്നു സംശയിക്കേണ്ടിയിരിക്കുന്നു കഴിഞ്ഞ മാർച്ച് പത്തിന് മുഖ്യമന്ത്രിയും ആറു മന്ത്രിമാരും, എൻ എസ്. എസിന്റെ സുകുമാരൻനായരും എസ്.എൻ.ഡി.പി.യുടെ വെള്ളാപ്പള്ളി നടേശനും താനും മറ്റു മാനേജർമാരും ഉൾപ്പെടെയുള്ളവരുമായി നടത്തിയ ചർച്ചയിലെ തീരുനമാനമായിരുന്നു ക്ലാസ് തലത്തിൽ 1.30 നടപ്പിലാക്കാൽ എന്നാൽ അതനുസരിച്ചുള്ള ഉത്തരവല്ല ഇറങ്ങിയത്. ഈ തീരുമാനങ്ങളിൽനിന്നൊക്കെ സർക്കാർ ഏകപക്ഷീയമായി പിറകോട്ടുപോയി. .... **( ദീപിക 6/9/2015)**

# മദ്യനിരോധനനയം സർക്കാർതന്നെ അട്ടിമറിച്ചെന്നു മദ്യവിരുദ്ധസമിതി

**ഘ**ട്ടംഘട്ടമായി സമ്പൂർണ മദ്യനിരോധനം നടപ്പാക്കുമെന്ന നയം വിദേശമദ്യ സൂപ്പർമാർക്കറ്റുകളെ ഉപയോഗിച്ചു സർക്കാർ അട്ടിമറിച്ചെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി. സൂപ്പർ മാർക്കറ്റുകൾ തുറന്നു കൊടുത്തു മുതലെടുപ്പു നടത്തിയെന്നും വ്യക്തമായ മദ്യനയമോ ഗസറ്റ് വിജ്ഞാപനമോ ഇല്ലാതെ അബ്കാരി നിയമത്തെ കാറ്റിൽപ്പറത്തുകയാണ് സർക്കാരെന്നും സമിതി സംസ്ഥാനസെക്രട്ടറി പ്രസാദ് കുരുവിള പറഞ്ഞു. മദ്യനിരോധനം പരാജയപ്പെടുത്താനുള്ള ശ്രമമായാണു പുതിയ സൂപ്പർമാർക്കറ്റുകൾ അനുവദിക്കുന്നതെന്നും ഇതിനു തടയിടാൻ പൊതുസമൂഹം ഒരുമിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. **(മനോരമ 1/9/2015)**

# മാധ്യമഅരാജകത്വം ജനാധിപത്യത്തെ ഇല്ലാതാക്കും

**ഡോ. കെ എസ് രാധാകൃഷ്ണൻ**

**അ**രാജകത്വം നിറഞ്ഞ മാധ്യമ പ്രവർത്തനം ജനാധിപത്യത്തെ ഇല്ലതാക്കുമെന്നു പി.എസ്.സി ചെയർമാൻ ഡോ. കെ എസ്. രാധാകൃഷ്ണൻ. സാഹിത്യ അക്കാദമിയിൽ കേരള മീഡിയ അക്കാദമിയുടെയും കേരള ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യസമര സേനാനി കുരൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് അനുസ്മരണ സമ്മേളനത്തിൽ ജനാതിപത്യവും മാധ്യമങ്ങളും എന്ന വിഷയമവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. **(ദീപിക1/9/2015)**

# രൂക്ഷവിമർശനവുമായി പശ്ചിമഘട്ട ജനസംരക്ഷണ സമിതി

***വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടില്ല**
***തദ്ദേശ തെരഞ്ഞെടുപ്പിൽ നിലപാടെടുക്കും**

കോഴിക്കോട്: കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട അന്തിമവിജ്ഞാപനം ഈ മാസം ഒമ്പതിനു വരാനിരിക്കെ കേന്ദ്രത്തിനു സമർപ്പിക്കേണ്ട ഇ.എസ്.എ അതിർത്തിനിർണയ രേഖകൾ വ്യക്തതയോടെ നൽകാത്ത സംസ്ഥാന സർക്കാരിനെ അതിരൂക്ഷമായി വിമർശിച്ചു പശ്ചിമഘട്ട ജനസംരക്ഷണ സമിതി.

റിപ്പോർട്ടു സമർപ്പിക്കുന്നതിനു പിന്നിൽ രാഷ്ട്രീയ ഗൂഢലക്ഷ്യവും ഉന്നത ഉദ്യോഗസ്ഥരടക്കമുള്ള നിക്ഷിപ്ത താത്പര്യക്കാരുടെ ഇടപെടലുമുണ്ട്. ജനവാസമേഖലയെയും വനമേഖലയെയും വ്യക്തമായി വേർതിരിച്ച് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി തയ്യാറാക്കിയ മാപ്പ് പൂർണമായും അവഗണിച്ചു. മാത്രമല്ല വനംവകുപ്പിന്റെ സഹകരണത്തോടെ വനം മന്ത്രാലയവുമായി ചേർന്നു മറ്റാരുമായും ചർച്ച ചെയ്യാതെ പുതിയ മാപ്പ് തയ്യാറാക്കുകയാണു ചെയ്തത്. ...... **(ദീപിക 4/9/2015)**

# പശ്ചിമഘട്ടം വീണ്ടും സമരച്ചൂടിലേക്ക്

കട്ടപ്പന: പരിസ്ഥിതിലോല മേഖലകൾ പുനർനിർണയിച്ചു നൽകിയതിലെ അശാസ്ത്രീയത കേരളത്തിനു വിനയായേക്കും. റിപ്പോർട്ടിലെ അവ്യക്തതയും അശാസ്ത്രീയതയും ചൂണ്ടിക്കാട്ടി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം കേരളത്തിനു നൽകിയ പത്തു കത്തുകളിൽ ഒന്നിനു പോലും മറുപടി നൽകാതെ ഒട്ടും സുതാര്യതയില്ലാതെ അവസാനനിമിഷം സംസ്ഥാന സർക്കാർ കേന്ദ്രത്തിനു നൽകിയ റിപ്പോർട്ടാണു കേരളത്തിനു വിനയായതെന്നാണ് ആക്ഷേപം.

കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേരളത്തിൽ 123 വില്ലേജുകൾ പരിസ്ഥിതിലോല വില്ലേജുകളാണ്. കേരളം ഏറ്റവും അവസാനമായി നൽകിയ റിപ്പോർട്ടിൽ നാലു വില്ലേജുകളെ ഇ.എസ്.എയിൽ നിന്നും പൂർണമായി ഒഴിവാക്കി. ഇതിന് യാതൊരു വിശദീകരണവും നൽകിയിട്ടില്ല. ഇതു കേന്ദ്രത്തിന്റെ അതൃപ്തിക്കുള്ള ഒരു കാരണമാണ്. ..... **(ദീപിക 4/9/2015)**

# വിവാഹം നടക്കും മുമ്പുള്ള രജിസ്ട്രേഷൻ തടയാൻ ശ്രദ്ധിക്കണം - ഹൈക്കോടതി

വിവാഹം നടക്കുംമുമ്പ് അത് നടന്നെന്ന് പറഞ്ഞ് രജിസ്ട്രേഷൻ നടത്തുന്നത് തടയാൻ അധികൃതർ ശ്രദ്ധ വെയ്ക്കണമെന്ന് ഹൈക്കോടതി. വിവാഹം രജിസ്റ്റർ ചെയ്ത് നൽകും മുൻപ് ഏതെല്ലാം രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് വിവാഹ രജിസ്ട്രേഷൻ ചട്ടത്തിൽ പറയുന്നുണ്ടെന്നും ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണനും ജസ്റ്റിസ് സുനിൽ തോമസും ഉൾപ്പെട്ട ഡിവിഷന് ബെഞ്ച് വ്യക്തമാക്കി. വിവാഹനിശ്ചയം നടത്തിയ ഉടൻ വിവാഹം രജിസ്റ്റർ ചെയ്ത ശേഷം വിവാഹിതരാകേണ്ടെന്ന് തീരുമാനിച്ചെന്ന് പറഞ്ഞ് അത് റദ്ദാക്കാനാവില്ലെന്ന സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് ഡിവിഷൻ ബെഞ്ച് ശരിവയ്ക്കുകയും ചെയ്തു. വിവാഹം നടക്കുംമുമ്പ് നടന്നെന്ന് എഴുതി നൽകി രജിസ്ട്രേഷൻ നടത്തുന്നത് ഭരണഘടനാ സംവിധാനത്തെ ദുരുപയോഗം ചെയ്യലാണ്. അത് അംഗീകരിക്കാനാവില്ലെന്ന് ബെഞ്ച് ഓർമിപ്പിച്ചു. **(മാതൃഭൂമി 5/9/2015)**

## വിഴിഞ്ഞം പദ്ധതി: സർക്കാരിനെതിരെ പ്രത്യക്ഷ സമരത്തിന് മത്സ്യത്തൊഴിലാളികൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ചർച്ചയിലൂടെ സർക്കാർ പരിഹരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ടു പോകുമെന്ന് ആക്ഷൻകൗൺസിൽ. ഓണത്തിന് ശേഷം ചർച്ച തുടരാമെന്ന സർക്കാർ വാഗ്ദാനം ഇതുവരെ നടപ്പിലാക്കാത്തതിനാലാണ് പ്രത്യക്ഷ സമര പരിപാടികളുമായി മുന്നോട്ടു പോകാൻ ആക്ഷൻ കൗൺസിൽ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി വാഹനപ്രചരണ ജാഥകളും ഫൊറോനതല കൺവൻഷനുകളും സംഘടിപ്പിക്കും. **(ജനയുഗം 6/9/2015)**

## സർക്കാരുകളുടെ തെറ്റായ നയങ്ങൾക്കെതിരെ പ്രതികരിക്കേണ്ടിവരും: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

**ഇതര സമുദായങ്ങളുമായി യോജിച്ചു പ്രവർത്തിക്കും**

കക്ഷിരാഷ്ട്രീയം കത്തോലിക്കാ കോൺഗ്രസിന്റെ അജൻഡയിലില്ലെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയും സർക്കാരുകളുടെയും തെററായ നയപരിപാടികൾക്കെതിരെ പ്രതികരിക്കേണ്ടി വരുമെന്നു സീറോ മലബാർ സഭ മേജർ ആർച്ചു ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. ഇതിനായി സമരങ്ങളും വേണ്ടിവരുമെന്നു പാലായിൽ നടന്ന അല്മായ മഹസമ്മേനം ഉദ്ഘാടനം ചെയ്യവേ അദ്ദേഹം പറഞ്ഞു. **(ദീപിക 7/9/2015)**

# കേരളത്തിന്റെ ആരോഗ്യമേഖല തകരുന്നു

വിശ്വപ്രസിദ്ധമായ കേരളത്തിന്റെ ആരോഗ്യമേഖല വലിയ തകർച്ചയുടെ വക്കിലാണെന്ന കാര്യം വ്യാപകമായി ചർച്ചചെയ്യേണ്ടതുണ്ടെന്നു തോന്നിയതിനാലാണ് ഈ കുറിപ്പെഴുതുന്നത്. ആത്മാർഥമായും കക്ഷിരാഷ്ട്രീയത്തിനപ്പുറമായും ഈ കുറിപ്പിനെ സമീപിക്കണമെന്നഭ്യർഥിക്കുന്നു.

മനുഷ്യവികസനസൂചികയുടെ ലോകറാങ്കിങ്ങിൽ ഇന്ത്യ 135-ാം സ്ഥാനത്താണ്. സാമൂഹ്യനീതി ഉറപ്പാക്കുന്നതിൽ 121-ാം സ്ഥാനത്തും, ദാരിദ്ര്യസൂചികയിൽ 93-ാം സ്ഥാനത്തും, സാക്ഷരതയിൽ 45-ാം സ്ഥാനത്തുമാണ് നമ്മുടെ രാജ്യം. ആയുർദൈർഘ്യത്തിലും ശിശു ജനന-മരണനിരക്കിലും ലോകരാജ്യങ്ങളിലുംവച്ച് ഏറെ പിറകിലാണ് ഇന്ത്യ. പക്ഷേ, ഈ എല്ലാ സൂചികകളിലും കേരളം വികസിതരാഷ്ട്രങ്ങൾക്കൊപ്പമാണ്. വ്യത്യസ്തമായ ഇത്തരമൊരവസ്ഥ എങ്ങനെ കേരളത്തിലുണ്ടായി എന്നതാണ് ആദ്യം തിരിച്ചറിയേണ്ടത്. ചരിത്രപരമായി ഈ വ്യത്യസ്ത കേരളത്തിലുണ്ടായിരുന്നില്ല. പക്ഷേ 1967 മുതൽ വിദ്യാഭ്യാസവും ആരോഗ്യവും പൊതുവിദ്യാഭ്യാസവും സ്ത്രീസാക്ഷരതയുമാണ് പൊതു ആരോഗ്യത്തിന്റെ വികസനത്തിനു വഴിയൊരുക്കുന്നത്. പൊതുവിദ്യാഭ്യാസം സൃഷ്ടിച്ച മതനിരപേക്ഷ, സാംസ്കാരിക പരിസരം പൊതു ആരോഗ്യമേഖലയുടെ കരുതലായിമാറി. ആരോഗ്യരംഗത്ത് ജനകീയാരോഗ്യനയം നടപ്പാക്കിയതോടെ അനന്യമായ കേരളമാതൃകയ്ക്ക് പിറവികുറിച്ചു. ചികിത്സയ്ക്കപ്പുറം പ്രതിരോധത്തിനും മതനിരപേക്ഷ പൊതുവിദ്യാഭ്യാസത്തിനുമാണ് ഈ മാതൃകയിൽ പ്രാധാന്യം നൽകിയിരിക്കുന്നതെന്നാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. പൊതുവിദ്യാഭ്യാസത്തിലൂടെ സമ്പൂർണ്ണ സാക്ഷരത വരെയെത്തിക്കുക എന്ന പ്രസ്ഥാനം കൂടിയപ്പോൾ കേരളം ഉദാത്തമാതൃകയായി. ആരോഗ്യരംഗത്ത് പൊതുവിദ്യാഭ്യാസത്തിന്റെ പ്രധാന്യത്തെക്കുറിച്ചു പഠിക്കാൻ ശ്രമിച്ചാൽ കേരളം ലോകത്തെ അത്യപൂർവം പ്രദേശങ്ങളിലൊന്നായി നിലനില്ക്കും. പൊതുവിദ്യാഭ്യാസവും ആരോഗ്യവും തമ്മിലുള്ള പരസ്പരപൂരകത്തെക്കുറിച്ച് വർത്തമാനകാല ആരോഗ്യക്കച്ചടനയവക്താക്കൾ പരിശോധിക്കേണ്ടതുതന്നെയാണ്. ഈ പ്രത്യേകതകളിലൂടെ വളർന്നുവന്ന കേരളത്തിന്റെ ആരോഗ്യമേഖല ഇന്ന് വീണുടയുന്ന ബിംബങ്ങളെപ്പോലെ തകർന്നുകൊണ്ടിരിക്കുകയാണ്. ആയുർദൈർഘ്യവും ശിശുജനനനിരക്കും ഇപ്പോഴും മാതൃകയായി തുടരുന്നുണ്ടെങ്കിലും രോഗാതുരതയിലും ആത്മഹത്യാപ്രവണതയിലും പകർച്ചവ്യാധികൾ തിരിച്ചുവരുന്നതിലും മദ്യാസക്തി, മയക്കുമരുന്ന് ജീവിതശൈലീരോഗവളർച്ചയിലും കാൻസർ വ്യാപനത്തിലും വർധിച്ച വേഗമാണ് കാണുന്നതെന്ന് ഓരോ മലയാളിയെയും വല്ലാതെ വേദനിപ്പിക്കുന്നു. ചുരുക്കത്തിൽ കേരളത്തിന്റെ കേളികേട്ട ആരോഗ്യമേഖല വൻഭീഷണിയിലാണെന്നർഥം. **(പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ മാതൃഭൂമി 25/8/2015)**

## ന്യൂനപക്ഷങ്ങളുടെ ആരാധനാ സ്വാതന്ത്ര്യം തടയുന്നത് ഉത്കണ്ഠാജനകം: ന്യൂനപക്ഷ കമ്മീഷൻ

ന്യൂനപക്ഷങ്ങളുടെ ആരാധനാ സ്വാതന്ത്ര്യം തടയപ്പെടുന്ന പ്രവണതയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷനംഗം അഡ്വ.വി.വി. ജോഷി ഉത്കണ്ഠ രേഖപ്പെടുത്തി. എറണാകുളം കലക്ടറേറ്റിൽ നടത്തിയ സിറ്റിംഗിനിടയിലാണ് കമ്മീഷൻ ഈ അഭിപ്രായം പ്രകടിപ്പിച്ചത്. **(ജനയുഗം 18/8/2015)**